
മാധ്യമം ● ഞായർ ● 18 ആഗസ്റ്റ് 2019 ● ലക്കം 1627
വാരാദ്യ മാധ്യമം
varadyam@madhyamam.in



ചിത്രം: മുസ്തഫ അബൂബക്കർ

നിലമ്പൂർ പോത്തുകൽ കവളപ്പാറയിലുണ്ടായ ഉരുൾപൊട്ടലിൽ മണ്ണിനടിയിൽപെട്ട ദേവയാനിയുടെ മൃതദേഹം കൊണ്ടുപോകുന്ന രക്ഷാപ്രവർത്തകർ. മകൻ സത്യൻ സമീപം (വലത് അറ്റത്ത്)

# നെഞ്ചുപൊട്ടിച്ചിതറിയവർ

**മണ്ണിനടിയിൽ കിടക്കുന്ന ഉറ്റവരെ കാത്ത് ദിവസങ്ങളായി ഒരേ നിൽപുനിൽക്കുന്ന സാധുമനുഷ്യർ, ആയുസ്സിൻെറ മുഴുവൻ സമ്പാദ്യവും മലയെടുത്തതിൻെറ അന്ധാളിപ്പിൽ തരിച്ചുനിൽക്കുന്നവർ, ഇനിയെവിടെപ്പോകുമെന്ന് ഒരു തിട്ടവുമില്ലാതെ പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്നവർ... നിസ്സഹായതയുടെ നിലക്കാത്ത നിലവിളികൾ മാത്രമാണ് കവളപ്പാറ, പാതാർ, അമ്പുട്ടാൻപൊട്ടി ഭാഗങ്ങളിലെങ്ങും**

ഇനാം റഹ്മാൻ

നിലമ്പൂർ താലൂക്കിലെ പോത്തുകൽ പഞ്ചായത്തിലെ കവളപ്പാറ മുത്തപ്പൻ കുന്നിൻ ചരുവിലേക്ക് ഊർന്നിറങ്ങിയ മണ്ണിനിപ്പോൾ അഴുകിയ മാംസത്തിൻെറ മണമാണ്. പാതി മുറിഞ്ഞ് ഉടലും തലയുമൊക്കെ വേർപെട്ട് തിരിച്ചറിയാൻപോലും പറ്റാത്ത മനുഷ്യശരീരങ്ങളാണ് ഇവിടെനിന്ന് സന്നദ്ധപ്രവർത്തകരും അഗ്നിശമനസേനാംഗങ്ങളുമൊക്കെ ചേർന്ന് പുറത്തെടുക്കുന്നത്. 63 പേരാണ് തുടക്കത്തിൽ കാണാമറയത്തായത്. ഇതിൽ നാലു പേരെ ബന്ധുവീട്ടിൽനിന്ന് കണ്ടെത്തി. 59 പേരിൽ വെള്ളിയാഴ്ച രാവിലെ വരെ കണ്ടെത്തിയത് 37 പേരെ. ബാക്കി ജീവനുകൾ ഇപ്പോഴും മണ്ണിനടിയിലോ ചാലിയാറിൻെറ ആഴങ്ങളിലോ ആണ്. തിരിച്ചറിയാൻപോലും പറ്റാതായ മൃതദേഹങ്ങളുണ്ട് നിലമ്പൂർ ജില്ല ആശുപത്രി മോർച്ചറിയുടെ തണുപ്പിൽ ഇപ്പോഴും.

ആഗസ്റ്റ് എട്ട് വ്യാഴാഴ്ച എല്ലാം പതിവുപോലെയായിരുന്നു കവളപ്പാറക്കാർക്ക്. രാത്രി 7.30 വരെ കളിചിരികളുമായി അവരെല്ലാവരും മുത്തപ്പൻകുന്നിൻ ചരിവിലും താഴെ ചോലക്കിപ്പുറവുമായി ഉണ്ടായിരുന്നു. മഴ കനത്തുപെയ്യുന്നതിനാൽ ആ പ്രദേശത്ത് രണ്ടു ദിവസമായി വൈദ്യുതിയില്ലായിരുന്നു. എല്ലാവരും അവരുടെ വീടുകളിലുള്ള വെട്ടവുമായാണ് കഴിഞ്ഞിരുന്നത്. എല്ലാ വീട്ടമ്മമാരും രാത്രിക്കുള്ളത് വെച്ചുവിളമ്പി കുട്ടികൾക്കും വീട്ടുകാരനും കൊടുക്കാനുള്ള തയാറെടുപ്പിലായിരുന്നു. പൊടുന്നനെയാണ് എല്ലാം നിലച്ചത്. മഴയുടെ ശബ്ദത്തിനു പുറമെ എന്തോ പൊട്ടിത്തെറിക്കുന്ന ശബ്ദം കോളനിയെ നടുക്കി. എന്താണ് സംഭവിച്ചതെന്നറിയാതെ എല്ലാവരും നാലുപാടും ചിതറി. വീടിനുള്ളിൽ കഴിഞ്ഞിരുന്ന പലരും പല ഭാഗത്തേക്കും ഇറങ്ങിയോടി. എന്നാൽ, 59 പേർക്ക് എവിടേക്കും ഓടാനായില്ല. അവരെ വീടോടെ മണ്ണെടുത്തു. ഓരോ പുരയിടങ്ങളിലുമുണ്ടായിരുന്ന റബർമരങ്ങൾ മണ്ണിനൊപ്പം വീടിനു മുകളിൽ പതിച്ചതോടെ കോൺക്രീറ്റ് സ്ലാബുകൾ നിലംപൊത്തി അനങ്ങാൻപോലുമാവാതെ പലരും ഇരുന്ന ഇരിപ്പിൽ ഞൊടിയിടയിൽ മരണമറിഞ്ഞു. കുന്നിൻചരിവിൽ താമസിക്കുന്ന 80കാരിയായ താന്നിക്കൽ ദേവയാനിയുടെ മൃതദേഹം കണ്ടെടുക്കുമ്പോൾ കമിഴ്ന്നുകിടക്കുന്ന നിലയിലായിരുന്നു. അവരുടെ മുതുകിലാണ് കോൺക്രീറ്റ് സ്ലാബും മണ്ണും മരങ്ങളും പതിച്ചത്. രാത്രി വെട്ടത്തിനായി അവർ കത്തിച്ചുവെച്ച എമർജൻസി ലൈറ്റ് അണയാതെ അടുത്തുതന്നെയുണ്ടായിരുന്നു. അവരുടെ പേരമകൻ പ്രിയദർശൻ ഉരുൾപൊട്ടുന്നതിന് തൊട്ടുമുമ്പ് വരെ അയൽവാസിക്കൊപ്പം പുറത്ത് റോഡിലുണ്ടായിരുന്നു. രണ്ടു പേരും പിരിഞ്ഞ് പ്രിയദർശൻ വീടിനുള്ളിലേക്കു കയറിയ ഉടനെയാണ് മണ്ണും മരങ്ങളും ഇരച്ചെത്തി പ്രിയദർശനെയും അമ്മ രാഗിണിയെയും അമ്മമ്മ ദേവയാനിയെയും കൊണ്ടുപോയത്. അതുവരെ കൂടെയുണ്ടായിരുന്ന സുഹൃത്തിൻെറ വീടിന് ഒരു പോറലുമേൽക്കാതെ ബാക്കിയായി. വീട്ടിലുണ്ടായിരുന്ന കാറെടുക്കാനോ പുറത്തേക്കിറങ്ങാനോ പ്രിയദർശനും കുടുംബത്തിനും സമയം കിട്ടിയില്ല. എല്ലാം നശിപ്പിച്ച ആ രാത്രി മുത്തപ്പൻകുന്ന് നിരങ്ങിവന്ന് മൂന്നായി തിരിഞ്ഞ് താഴേക്കു പതിക്കുകയായിരുന്നു. കുന്നിനുതാഴെ ചോലക്കിരുപുറവുമായി 40 വീടുകളും അതിനുള്ളിലെ മനുഷ്യരും നിലവിളിക്കാൻപോലുമാവാതെ മണ്ണിനടിയിലായി. ചാലിയാറിൽ പതിച്ചിരുന്ന ചെറിയ തോട് വലിയ പുഴയായി മാറി. ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശമാകെ ചെമ്മണ്ണ് മൂടി.

## സങ്കടക്കടലായി ദുരിതാശ്വാസ ക്യാമ്പുകൾ

ജീവൻ വാരിപ്പിടിച്ച് ഓടിരക്ഷപ്പെട്ടവർ ഇപ്പോഴും ദുരന്തത്തിൻെറ നടുക്കത്തിൽനിന്ന് മാറിയിട്ടില്ല. എന്താണ് സംഭവിച്ചതെന്നുപോലും ഒരു പിടിയുമില്ലാത്തവരുണ്ട് കൂട്ടത്തിൽ. നാട്ടുകാരും അയൽവാസികളും ബന്ധുക്കളുമൊക്കെയായവർ മണ്ണിനടിയിൽ കിടക്കുന്നത് രണ്ടു ദിവസമായി നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നതിൻെറ ആധിയാണ് എല്ലാ മുഖങ്ങളിലും. ഒരായുസ്സിൻെറ മുഴുവൻ സമ്പാദ്യവും മലയെടുത്തതിൻെറ അന്ധാളിപ്പിലാണവർ മഴയത്ത് നിൽക്കുന്നത്. പരിസരത്തെ സെൻറ് ജോർജ് മലങ്കര കത്തോലിക്ക പള്ളിയിലെ ക്യാമ്പിൽ മാത്രം 619 പേരുണ്ട്. ഇനിയും മണ്ണിനടിയിൽ എത്ര പേരുണ്ടെന്നോ മുഴുവനാളുകളെയും കണ്ടെത്താനാവുമോ എന്നും ആർക്കും ഒരു പിടിയുമില്ല. മുഖ്യമന്ത്രി പിണറായി വിജയൻ ക്യാമ്പ് സന്ദർശിച്ച് സർക്കാർ കൂടെയുണ്ടെന്ന് ഉറപ്പുനൽകിയിരുന്നു. ആ സമാശ്വാസ വാക്കുകളൊന്നും അവരുടെ നെഞ്ചിനുള്ളിലേക്ക് ഇറങ്ങിയിട്ടില്ല. എത്രനാൾ ദുരിതം പേറേണ്ടിവരുമെന്നോ മണ്ണിനടിയിൽ കിടക്കുന്ന ഉറ്റവർക്കായുള്ള കാത്തിരിപ്പ് എന്നവസാനിക്കുമെന്നോ ഈ സാധുക്കൾക്കറിയില്ല. ഒറ്റ രാത്രികൊണ്ട് എല്ലാം മണ്ണിനടിയിലായതിൻെറ സങ്കടക്കടലുമായാണ് കവളപ്പാറയിലെ ഓരോ ഇരയും ക്യാമ്പിൽ കഴിയുന്നത്. ഇവരെയൊക്കെ എവിടെ പുനരധിവസിപ്പിക്കുമെന്ന് അധികൃതർക്കും അറിയില്ല. കവളപ്പാറയിലും പരിസരത്തുമായി മാത്രം നാലു ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

## ഒറ്റ രാത്രിയിൽ തനിച്ചായവർ

ആ രാത്രിയും പതിവുപോലെയായിരുന്നു കവളപ്പാറ സുനിലിന്. വ്യാഴാഴ്ച രാത്രി 7.30 വരെ എല്ലാവരുമുണ്ടായിരുന്നു പട്ടികവർഗക്കാരനായ ഈ സാധുവിന്. എന്നാൽ, 15 മിനിറ്റിനുള്ളിൽ അയാളെ തനിച്ചാക്കി ഉറ്റവരെയെല്ലാം മണ്ണ് കൊണ്ടുപോയി. സുനിലിൻെറ ഭാര്യ ശാന്തകുമാരി, മകൻ സുജിത്, അച്ഛൻ പാലൻ, അനിയത്തി സുശീല, മക്കളായ കണ്ണൻ, അക്കു, കൊച്ച്, സഹോദരീഭർത്താവ് പാലൻ എന്നിവരാണ് കൺമുന്നിൽ ഭൂമിക്കടിയിലേക്ക് താഴ്ന്നുപോയത്. ഇവരെ വ്യാഴാഴ്ച വരെ കണ്ടെത്താനായിട്ടില്ല. തൊട്ടടുത്തുണ്ടായിട്ടും സുനിലിനെ മണ്ണ് കൊണ്ടുപോയില്ല. ഇത് പറയുമ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു, ശബ്ദമിടറി. സ്വന്തം വീട്ടിൽനിന്ന് തൊട്ടടുത്തുള്ള സഹോദരിയുടെ വീട്ടിലേക്ക് അവളുടെ മകളെ കൊണ്ടുവിടാനാണ് സുനിലിൻെറ ഭാര്യയും മക്കളും പോയത്. ആ സമയത്താണ് വലിയ ശബ്ദത്തോടെ മണ്ണിടിഞ്ഞുവീണത്. സുനിലിൻെറ വീടിൻെറ പാതിയും സഹോദരിയുടേത് മുഴുവനായും മണ്ണ് കൊണ്ടുപോയി. വീടിനുള്ളിലായിരുന്നതു കൊണ്ടാണ് ബാക്കിയായതെന്ന് സുനിൽ പറഞ്ഞു. ദുരന്തത്തിൽ ബാക്കിയായ അയൽവാസികളുടെ വീട്ടിലാണ് ഈ മനുഷ്യൻ ഏകനായി കഴിയുന്നത്. എന്തു ചെയ്യണമെന്നോ പറയണമെന്നോ എങ്ങോട്ടുപോകണമെന്നോ കൂലിപ്പണിക്കാരനായ ഈ മനുഷ്യന് ഒരു പിടിയുമില്ല. അത് ചോദിച്ചപ്പോൾ ഒന്നും പറയാതെ അയാൾ മുഖത്തേക്ക് നോക്കിയിരുന്നു. സുനിലിനെപ്പോലെ നിരവധി പേരുണ്ട് കവളപ്പാറയിൽ. മുതിര മുഹമ്മദ്, ഭാര്യ, രണ്ടു മക്കൾ, അയൽവാസി ഗോപിയുടെ ഭാര്യ, അമ്മ, രണ്ടു മക്കൾ, പൂതാനി മുഹമ്മദിൻെറ മരുമകളും കുട്ടിയും എന്നിവരെല്ലാം മണ്ണെടുത്തവരാണ്. സുനിലിനെപ്പോലെ ഒറ്റ രാത്രിയിൽ തനിച്ചായവനാണ് കവളപ്പാറ ഗോപി. ഇങ്ങനെ നിരവധി പേർ കളവപ്പാറയിലെ ഇരുട്ടിലുണ്ട്. ഇനിയെന്ത് എന്ന ചോദ്യത്തിന് കലങ്ങിയ കണ്ണുകളുമായി നിസ്സഹായ നോട്ടമെറിയുന്നവർ.

## പറിച്ചുനടപ്പെട്ട് അമ്പുട്ടാൻപൊട്ടി

ചാലിയാറിൻെറ തീരത്ത് തോളുരുമ്മി കഴിഞ്ഞിരുന്ന അമ്പുട്ടാൻപൊട്ടിയിലെ മനുഷ്യരുടെ എല്ലാം തകർത്ത് വെള്ളമെത്തിയതും വ്യാഴാഴ്ച വൈകീട്ടോടെയാണ്. പുഴയോരങ്ങളിലും ഒരുപാട് ഉയരത്തുള്ള വീടുകളെപ്പോലും മലവെള്ളം വെറുതെ വിട്ടില്ല. നൂറോളം വീടുകളാണ് ഇവിടെ തകർന്നത്. ബാക്കിയായ വീടുകളിൽ ഒരാൾക്കുയരത്തിൽ ചളിയാണ്. വെള്ളമുയരുന്നത് കണ്ട് വീടുകൾ ഉപേക്ഷിച്ച് സുരക്ഷിത സ്ഥാനത്തേക്ക് മാറിയവർ തിരിച്ചെത്തിയപ്പോൾ കണ്ട കാഴ്ചകൾ കരൾ പിളരുന്നതാണ്. എല്ലാം പുഴകൊണ്ടുപോയിരിക്കുന്നു. ടൺകണക്കിന് ചളിയും കാട്ടുമരങ്ങളുമാണ് അമ്പുട്ടാൻപൊട്ടിയുടെ തീരങ്ങളിൽ അടിഞ്ഞത്. പുഴക്കു കുറുകെയുള്ള പാലം തകർന്നുപോയിരിക്കുന്നു. ജീവൻ പുഴയെടുക്കാതെ പോയതിൻെറ ആശ്വാസം നാട്ടുകാർക്കുണ്ടെങ്കിലും ഇനിയെന്തു ചെയ്യുമെന്ന ചോദ്യം അവരുടെ ഉള്ളിൽ കാർമേഘംപോലെ കറുത്തിരുണ്ട് നിൽക്കുന്നുണ്ട്.

## നെഞ്ചകം പിളർന്ന് പാതാർ

കവളപ്പാറയിലുണ്ടായതിനേക്കാൾ ഭീകര ഉരുൾപൊട്ടൽ കാണണമെങ്കിൽ തൊട്ടടുത്ത പ്രദേശമായ പാതാറിലെത്തണം. ഒരു അങ്ങാടിയും അവിടെ ജീവിച്ചിരുന്നവരെയും വലിയ പാറക്കല്ലുകളും വൻ മരങ്ങളും പിഴുതെറിഞ്ഞ ചങ്കുതകരുന്ന ഫ്രെയിമുകളാണ് പാതാറിലുള്ളത്. കവളപ്പാറയിൽ വ്യാഴാഴ്ച രാത്രിയാണെങ്കിൽ പാതാറിൽ 5.45ഓടെയാണ് ഉരുൾപൊട്ടലുണ്ടായത്. വാളംകൊല്ലി, തേൻപാറ മലകൾ ഒന്നിച്ച് കുത്തിയൊലിച്ച് പാതാർ അങ്ങാടിയെ തുടച്ചുനീക്കുകയായിരുന്നു. ഉരുൾപൊട്ടുന്നതിന് തൊട്ടുമുമ്പ് നാട്ടുകാർ ഓടി രക്ഷപ്പെട്ടതിനാലാണ് ഇവിടെ ആളപായമില്ലാതെ പോയത്. വ്യാഴാഴ്ച വൈകീട്ടുവരെ 20ലധികം കടകളും 25ഓളം വീടുകളുമുണ്ടായിരുന്ന പ്രദേശം വലിയ പാറക്കല്ലുകളുള്ള പുഴയായി മാറിയിരിക്കുന്നു. പ്രകൃതി സംഹാരതാണ്ഡവമാടിയതിൻെറ അടയാളങ്ങളാണെങ്ങും. വലിയ ഇരുനില വീടുകൾ അടി തുരന്ന് പാറക്കല്ലുകൾ കൊണ്ടുപോയി. കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ വൻമരങ്ങൾ കുടുങ്ങിക്കിടക്കുന്നു. അങ്ങാടിയിലെ തോട്ടിൽ വെള്ളം കയറിയതോടെ അപകടം മണത്ത നാട്ടുകാർ മുകൾ ഭാഗത്തേക്കു മാറി. എന്നാൽ, മരങ്ങൾ പൊട്ടിവീഴുന്നതിൻെറ വലിയ ശബ്ദം കേട്ടതോടെ അവർ സുരക്ഷിതസ്ഥാനങ്ങളിലേക്ക് ജീവനുംകൊണ്ടോടുകയായിരുന്നു. ഞൊടിയിടയിൽ അങ്ങാടി ഇല്ലാതായി. പാതാറിനെ വെള്ളിമുറ്റവുമായി ബന്ധിപ്പിക്കുന്ന പാലം ഒലിച്ചുപോയി. മുടിയറ പുത്തൻപുരയിൽ അലി, അയൽവാസികളായ നാണി, നാസർ എന്നിവരുടെ വീടുകൾ ഇരുന്നിടത്ത് വലിയ പാറക്കല്ലുകൾ മാത്രം. അടയാളംപോലുമില്ല. ബഷീർ പൂക്കോടൻ, ഉസ്മാൻ ചൊള്ളപ്പുറം, മാവുങ്ങൽ ശരീഫ് എന്നിവരുടെ പുതിയ ഇരുനില വീടുകൾ തകർന്നു. ശരീഫിൻെറ നാലു കടമുറിയുള്ള കെട്ടിടം ഇരുന്നിടത്ത് തറ മാത്രം. അങ്ങാടിയിലെ മസ്ജിദുന്നൂറിൻെറ അടി തുരന്ന് പോയിരിക്കുന്നു. പള്ളിവക ഹോട്ടലും പലചരക്കുകടയും പ്രവർത്തിച്ചിരുന്ന കെട്ടിടം നാമാവശേഷമായി. തൊട്ടടുത്ത രാധാമണിയുടെ വീടും മുകളിലെ രണ്ടു മുറി കടകളും വെള്ളമെടുത്തു. കാവിൽകുത്ത് അബ്ദുല്ലയുടെ രണ്ടു മുറി കട, വീട് എന്നിവ നശിച്ചു. ഒരു അങ്ങാടിതന്നെ തുടച്ചുനീക്കിയാണ് കലിതുള്ളിയെത്തിയ മലവെള്ളവും പാറക്കല്ലുകളും പാതാറിന് മുകളിലേക്ക് ഇരച്ചെത്തിയത്. ഒരു പുനർനിർമാണം സാധ്യമാവാത്ത വിധം പാതാറിനെ മലയിൽനിന്ന് ഉരുണ്ടുവീണ പാറക്കല്ലുകൾ ഭൂപടത്തിൽനിന്ന് മായ്ച്ചുകളഞ്ഞിരിക്കുന്നു.

## ദുരന്തമുഖത്തെ മാലാഖമാർ

കവളപ്പാറയിൽ ഉരുൾപൊട്ടി മണ്ണിനടിയിൽ നിരവധി പേർ കുടുങ്ങിയ ദുരന്തമുഖത്ത് അഴുകിത്തുടങ്ങിയ മൃതദേഹങ്ങളും തിരഞ്ഞ് അവരിപ്പോഴുമുണ്ട്. വെള്ളിയാഴ്ച ഉച്ചയോടെ എത്തിയവർ ഒരാഴ്ചയിലധികമായി തിരച്ചിൽ തുടരുകയാണ്. 12 അടിയോളം കുമിഞ്ഞുകൂടിയ ചളിയിൽ പുതഞ്ഞ് ജീവൻപോലും മറന്ന്. ഐ.ആർ.ഡബ്ല്യുവിൻെറ വിദഗ്ധ പരിശീലനം ലഭിച്ച സംഘം പോത്തുകൽ പള്ളിയിൽ ക്യാമ്പ് ചെയ്താണ് ദുരന്തഭൂമിയിലെത്തുന്നത്. ഇതിനു പുറമെ നിരവധി ഐ.ആർ.ഡബ്ല്യു വളൻറിയർമാർ പ്രദേശത്ത് ശുചീകരണ ജോലിക്കായി ക്യാമ്പ് ചെയ്യുന്നുണ്ട്. ടീം വെൽഫെയർ, എസ്.ഡി.പി.ഐ തുടങ്ങിയ വളണ്ടിയർ സംഘവും കവളപ്പാറയിൽ സജീവമാണ്. അധികൃതർ അന്ധാളിച്ചുനിന്നപ്പോൾ എല്ലാം മറന്ന് തിരച്ചിലിനിറങ്ങിയത് ഈ സന്നദ്ധ പ്രവർത്തകരായിരുന്നു.

കവളപ്പാറക്കു പുറമെ വൻ ദുരന്തമുണ്ടായ പാതാർ, അമ്പുട്ടാൻപൊട്ടി എന്നീ പ്രദേശങ്ങളുടെ വ്യാപ്തി പുറംലോകം അറിഞ്ഞതോടെ കിട്ടിയ സാമഗ്രികളുമായി പോത്തുകൽ പഞ്ചായത്തിലേക്ക് വിവിധ സന്നദ്ധ സംഘടനകളുടെ ഒഴുക്കായിരുന്നു. പോത്തുകൽ പഞ്ചായത്തിൽ ശുചീകരണത്തിനായി ചൊവ്വാഴ്ച മാത്രം രജിസ്റ്റർ ചെയ്തത് 7000 പേരായിരുന്നു. പ്രളയം കൂടുതൽ ബാധിച്ച നിലമ്പൂർ മേഖലയിലേക്കുള്ള മുഴുവൻ വഴികളിലും ബസിലും മിനിലോറിയിലും ഓട്ടോയിലുമൊക്കെയായി സേവനത്തിനെത്തിയവരുടെ നീണ്ട നിരയായിരുന്നു. വാഹനത്തിരക്കിൽ ചെറിയ റോഡുകൾ ശ്വാസംമുട്ടി. തിരക്കു നിയന്ത്രിക്കാൻ പൊലീസും വിവിധയിടങ്ങളിൽനിന്നെത്തിയ യുവാക്കളും വഴിയിലുടനീളം കാവൽനിന്നു. യുവാക്കളുടെ പടയെത്തിയതോടെ ദുരന്തം നാശം വിതച്ച പാതാർ, അമ്പുട്ടാൻപൊട്ടി എന്നിവിടങ്ങളിലും നൂറു കണക്കിന് വീടുകൾ മണിക്കൂറുകൾക്കുള്ളിൽ വൃത്തിയായി. രാത്രി വൈകിയും വിവിധ വാഹനങ്ങളിലായി മാലാഖക്കൂട്ടങ്ങളെപ്പോലെ അവരെത്തിക്കൊണ്ടിരിക്കുകയാണ്. ആരുടേതെന്നുപോലും അറിയാത്ത ദുർഗന്ധം വമിക്കുന്ന വീടുകൾ വൃത്തിയാക്കി അവർ തിരിച്ചുമടങ്ങുമ്പോൾ ദുരിതബാധിതർക്ക് ഒന്നേ പറയാനുള്ളൂ, ഹൃദയംതൊട്ട നന്ദി. ഇവരുള്ളപ്പോൾ ഉറപ്പിച്ചുപറയാം, ഈ നാട് അതിജീവിക്കുകതന്നെ ചെയ്യും. ●



ഉരുൾപൊട്ടലിൽ തകർന്ന പോത്തുകൽ പാതാർ അങ്ങാടി. ഇവിടെ 25ഓളം വീടുകളും 20ലധികം കടകളും തകർന്നു



രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട ഐ.ആർ.ഡബ്ല്യു വളൻറിയർമാർ

ഫീച്ചർ


ആർട്ടിസ്റ്റ് ഡാവിഞ്ചി സുരേഷ് വസ്ത്രങ്ങളിൽ തീർത്ത നൗഷാദിൻെറ പോർട്രേറ്റ്

**നന്മയുടെ സമാന തകളില്ലാത്ത വർണക്കാഴ്ചകൾക്ക് ഈ പ്രളയകാലവും സാക്ഷ്യംവഹിച്ചു. തൻെറ കൈയിലുള്ളതെല്ലാം പ്രളയബാധിതർക്കായി സമർപ്പിച്ച തെരുവുകച്ചവടക്കാരൻ നൗഷാദ് മുതൽ ദുരന്തബാധിത മേഖലകളിലേക്ക് സഹായഹസ്തവുമായി ഇപ്പോഴും പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആയിരങ്ങൾ വരെ. ഏതു ദുരന്തത്തെയും നാം അതിജീവിക്കും എന്ന ഓർമപ്പെടുത്തൽകൂടിയാണ് അവരെല്ലാം**

# നന്മ കായ്ക്കുന്ന വന്മരങ്ങൾ

അനസ് അസീൻ

കുസാറ്റിലെ വിദ്യാർഥികളും അധ്യാപകരുമടങ്ങിയ സംഘം ദുരിതാശ്വാസ ക്യാമ്പുകളിലേക്കു വസ്ത്രം ശേഖരിക്കാനാണ് ശനിയാഴ്ച എറണാകുളം നഗരത്തിലിറങ്ങിയത്. ബ്രോഡ്വേയിലെത്തിയപ്പോൾ "ഒന്നെൻെറ കടയിലേക്കു വരാമോ" എന്ന ചോദ്യവുമായി നൗഷാദ് സമീപിച്ചു. തുറന്നിട്ട കട ചൂണ്ടി നൗഷാദ് പറഞ്ഞു: "ആവശ്യമുള്ളതെടുത്തോ." സംഘാംഗങ്ങൾ അമ്പരന്നുനിൽക്കുന്നതിനിടെ, വിൽപനക്കു വെച്ച വസ്ത്രങ്ങളെല്ലാം വാരിയെടുത്ത് ചാക്കിലാക്കി കൈമാറി. അത് സമൂഹമാധ്യമങ്ങളിൽ വിഡിയോയായി പ്രചരിച്ചതോടെയാണു താരമായത്. മട്ടാഞ്ചേരി വാട്ടർ ടാങ്കിനു സമീപം വലിയപറമ്പിൽ പരേതനായ മുഹമ്മദിൻെറയും റുക്കിയയുടെയും മകനാണ്. ഒമ്പതു വർഷം സൗദിയിലായിരുന്നു. 18 വർഷമായി കച്ചവടം നടത്തുന്നു. ഭാര്യ നിസയും മക്കൾ ഫർസാനയും ഫഹദും കൂട്ടിനുണ്ട്.


## ഇവിടെയുണ്ട് മറ്റൊരു നൗഷാദ്...

തൻെറ കൈവശമുള്ള വസ്ത്രങ്ങൾ പ്രളയത്തിലകപ്പെട്ടവർക്ക് നൽകിയ എറണാകുളത്തെ വഴിയോര വ്യാപാരി നൗഷാദിൻെറ വഴിയേ തൃക്കുന്നപ്പുഴയിലെ അബ്ദുല്ല. അണ്ടോളിൽ ജ്വല്ലേഴ്സ്-ബ്യൂട്ടിക് ഉടമയായ ഇദ്ദേഹം, വസ്ത്രശാലയിലെ ലക്ഷക്കണക്കിന് രൂപ വിലവരുന്ന മുഴുവൻ വസ്ത്രങ്ങളും പ്രളയബാധിതർക്ക് സംഭാവന ചെയ്തു.

മുസ്‍ലിംലീഗിൻെറ നേതൃത്വത്തിൽ തുടങ്ങിയ വിഭവസമാഹരണത്തിലേക്കാണ് വസ്ത്രങ്ങൾ നൽകിയത്. വ്യാപാരി വ്യവസായി ഏകോപന സമിതി തൃക്കുന്നപ്പുഴ യൂനിറ്റ് പ്രസിഡൻറായ അബ്ദുല്ല, പരേതനായ അണ്ടോളിൽ ഉസ്മാൻ കുട്ടിയുടെ മകനാണ്.

## ഹീറോയാണ് ഈ ആദർശ്

എല്ലാ മാസവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്ന ഒരു വിദ്യാർഥിയുണ്ട് തിരുവനന്തപുരത്ത്. കഴിഞ്ഞ നാലു വർഷമായി ആദർശ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ മാസവും ഒരു ചെറിയ തുക സംഭാവന നൽകുന്നു. 2016ലെ പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തകാലം മുതൽക്കാണ് ആദർശ് ഇത്തരത്തിൽ ചെറിയൊരു തുക ദുരിതാശ്വാസ നിധിയിലേക്കു നൽകാൻ തുടങ്ങിയത്.


ആദർശ്

## പുത്തുമലയെ ചേർത്തുപിടിച്ച 26 സെക്കൻഡ്

ഞങ്ങളെ ഈ പ്രദേശത്തുണ്ടായിരുന്ന ആളുകൾ മുഴുവനും ഒറ്റപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്... പുത്തുമലയെന്ന ഈ പ്രദേശത്തെ രണ്ടു പാടിയും അതുപോലെ കാൻറീനും പള്ളിയും അമ്പലവും പൊരകളും അവിടെ നിന്ന ആളുകളെയൊന്നും കാണാനില്ല... പുത്തുമലയിൽ വൻ ദുരന്തം ഉണ്ടായെന്ന് പുറംലോകത്തെ അറിയിച്ച ആ വിഡിയോ ആണ് ആ ദേശത്തിന് പുതുജീവൻ നൽകിയത്. കനത്ത മഴയത്ത് അപകടസാധ്യതയേറിയ സ്ഥലത്തുനിന്നാണ് മേപ്പാടി പഞ്ചായത്ത് പ്രസിഡൻറായ സഹദ് ആ വിഡിയോ എടുത്തത്. അതിനെ തുടർന്നാണ് നാട്ടുകാരും ഫയർഫോഴ്സും പൊലീസും ദുരന്തനിവാരണ സേനകളടക്കമുള്ളവരും അവിടേക്ക് എത്തിയത്.

## ആദിയുടെ സ്കൂട്ടർ

69,000 രൂപക്കാണ് ആദി ഒരു വർഷം മുമ്പ് സ്കൂട്ടർ വാങ്ങിയത്. ആകെ ഓടിയത് 3000 കിലോമീറ്റർ. 40,000 രൂപക്ക് ആദി അത് അയൽവാസിക്കു വിറ്റു. അടുത്തടുത്ത് വന്ന അവധി ആഘോഷിക്കാനായിരുന്നില്ല അത്. കഴിഞ്ഞ തവണത്തെപ്പോലെ ഇരുചെവിയറിയരുതെന്ന് കരുതിയതാണ്. എന്നാൽ, ഇക്കുറി ആരും ഒന്നും കൊടുക്കുന്നില്ലെന്ന പ്രചാരണം കേട്ടപ്പോഴാണ് ആദി തൻെറ പ്രിയപ്പെട്ട സ്കൂട്ടർ വിറ്റ് ആ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അയച്ച വിവരം പോസ്റ്റ് ചെയ്യാൻ തീരുമാനിച്ചത്. പോസ്റ്റ് വൈറലായതോടെ സ്കൂട്ടർ വിൽക്കണമായിരുന്നോ എന്ന് ചോദിച്ച സുഹൃത്തുക്കളോടും ബന്ധുക്കളോടും ആദിക്ക് ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ: "സ്കൂട്ടർ വിറ്റതു വലിയ കാര്യമൊന്നുമല്ല, കാറുണ്ട്." ആ കാറിൽ ദുരിതാശ്വാസകേന്ദ്രങ്ങളിലേക്ക് സാധനങ്ങൾ എത്തിക്കാനുള്ള ശ്രമത്തിലായിരുന്നു. ഇതിനൊപ്പംതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആയിരം രൂപയെങ്കിലും അയച്ചശേഷം അതിൻെറ സ്ക്രീൻഷോട്ടും ഫോട്ടോയും നൽകിയാൽ അവരുടെ ചിത്രം വരച്ചുകൊടുക്കും ഗ്രാഫിക് ഡിസൈനർ കൂടിയായ ഈ യുവാവ്. കഴിഞ്ഞ പ്രളയകാലത്ത് 50,000 രൂപയിലേറെ ഇങ്ങനെ സമാഹരിച്ചു നൽകാൻ ആദിക്കു കഴിഞ്ഞിരുന്നു.

## ആഗസ്റ്റ് 12, സമയം ഉച്ച 2.18

പത്തനംതിട്ട എഴംകുളം സ്വദേശിയായ അനസ് തൻെറ ഫേസ്ബുക്കിൽ മകനെ നെഞ്ചോട് അണച്ചുപിടിച്ച് ഇങ്ങനെ കുറിച്ചു...

"വരുന്ന വെള്ളിയാഴ്ച മകനെയുംകൊണ്ട് വീണ്ടും ആർ.സി.സിയിൽ അഡ്മിറ്റാകുവാണ്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടിലൂടെയാണ് ഞാനും എൻെറ കുടുംബവും. പക്ഷേ, മഹാപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരുടെ അത്രയും വരില്ലല്ലോ. ചികിത്സക്കായി കരുതി കൂട്ടിവെച്ച പൈസയും കഴിഞ്ഞയാഴ്ച കുട്ടിയുടെ ചികിത്സക്കായി രണ്ടു പേർ സഹായിച്ചത് ഉൾപ്പെടെ ചേർത്ത് ചൊവ്വാഴ്ച മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അയക്കാൻ ഞാനും എൻെറ കുടുംബവും തീരുമാനിച്ചു." 'അതിജീവിക്കും നമ്മുടെ കേരളം' എന്ന കുറിപ്പോടെയായിരുന്നു അത് അവസാനിച്ചത്.

അനസിന് മൂന്ന് മക്കളാണ്, രണ്ടാമത്തെ മകനായ നാലു വയസ്സുകാരനാണ് കാൻസർ ബാധിച്ച് ചികിത്സയിലുള്ളത്. നാഗർകോവിലിലുള്ള സ്വകാര്യ കമ്പനിയിലുള്ള ജോലിയാണ് വരുമാനമാർഗം. 10 ലക്ഷത്തോളം ലോൺ എടുത്താണ് മകൻെറ ചികിത്സ നടത്തിയിരുന്നത്. വീണ്ടും ഈ വെള്ളിയാഴ്ച ആർ.സി.സിയിൽ ചികിത്സ തുടങ്ങുകയാണ്. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിലായ അനസ് കുട്ടിയുടെ ചികിത്സക്കായി സ്വന്തം നിലയിൽ കണ്ടെത്തിയ തുകയും രണ്ടു പേർ സഹായിച്ച തുകയും ചേർത്താണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ തയാറായത്. ഈ പോസ്റ്റ് ശ്രദ്ധയിൽപെട്ട ആരോഗ്യമന്ത്രി കെ.കെ. ശൈലജ നന്ദിപറയുകയും റീജനൽ കാൻസർ സെൻററിൽ ചികിത്സ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പ് നൽകുകയും ചെയ്തു.


ആദി ബാലസുധ

## ഒപ്പം നിന്ന് ആ താരങ്ങളും

പ്രളയക്കെടുതി അനുഭവിക്കുന്ന വടക്കൻ കേരളത്തെ സഹായിക്കാൻ മിക്ക ജില്ലകളിലും കലക്ഷൻ സെൻററുകൾ തുറന്നു. അവിടെയൊക്കെ നേതൃത്വം ഏറ്റെടുത്തത് സെലിബ്രിറ്റികളാണ്. ഭക്ഷണവും വസ്ത്രവും തുടങ്ങി ക്യാമ്പുകൾ സജീവമാക്കാനും അവിടേക്കു വേണ്ട സാധനങ്ങൾ എത്തിക്കാനും സിനിമ-സംഗീത-കായിക താരങ്ങളും പൊതുജനത്തിനൊപ്പം നിൽക്കുന്നു. വാഴക്കാട് ഭാഗത്ത് വെള്ളത്തിൽ മുങ്ങിയ വീടുകൾ ശുചീകരിക്കാനിറങ്ങിയത് അന്താരാഷ്ട്ര ഫുട്ബാൾ താരം അനസ് എടത്തൊടികയുടെ നേതൃത്വത്തിലുള്ള സംഘമായിരുന്നു. വീടുകളിൽ അടിഞ്ഞ മണ്ണും ചളിയുമൊക്കെ കഴുകി വൃത്തിയാക്കിയാണ് അനസും സംഘവും മടങ്ങിയത്.


മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തുക ഭവ്യ ബസന്ത് ആലപ്പുഴ കലക്ടർ ഡോ. അദീല അബ്ദുല്ലക്ക് കൈമാറുന്നു

സിനിമാ മേഖലയിൽനിന്നു നിരവധി പേർ ദുരന്തമുഖത്തുള്ളവർക്ക് സഹായങ്ങളുമായി എത്തിയിട്ടുണ്ട്. കൊച്ചിയിലെ കലൂരുള്ള മാമാങ്കം സ്റ്റുഡിയോ കലക്ഷൻ പോയൻറാക്കിയായിരുന്നു ഡബ്ല്യു.സി.സിയുടെ പ്രവർത്തനം. പ്രളയദുരിതം അനുഭവിക്കുന്നവർക്കായി തങ്ങളും മുന്നിട്ടിറങ്ങുകയാണെന്ന് നടി റിമ കല്ലിങ്കൽ പ്രഖ്യാപിച്ചു. കഴിഞ്ഞ പ്രളയമുഖത്ത് അരിച്ചാക്ക് ചുമന്നും ആളുകളെ സഹായിച്ചുമെല്ലാം മുൻനിരയിൽതന്നെയുണ്ടായിരുന്ന ടൊവിനോ, ഇത്തവണയും പ്രളയമുഖത്ത് സേവനസന്നദ്ധനാണ്. പ്രളയത്തിൽ താമസസ്ഥലം നഷ്ടപ്പെട്ടവർക്ക് ആവശ്യമെങ്കിൽ വീട്ടിലേക്കു വരാം, വീട് സുരക്ഷിതമാണെന്ന് ടൊവിനോ അറിയിച്ചിരുന്നു.

വയനാട്ടിലെ ദുരന്തബാധിതമേഖലകളിലേക്ക് ബയോ ടോയ്‍ലറ്റുകൾ സംഭാവന ചെയ്തത് നടൻ ജയസൂര്യയായിരുന്നു. ദുരന്തം വിതച്ച മേപ്പാടി മേഖലയിലേക്കാണ് 10 ബയോ ടോയ്‍ലറ്റുകൾ താരം എത്തിച്ചത്. കൈകോർത്ത് കണ്ണൂർ എന്ന പേരിലാണ് കണ്ണൂർ ജില്ലയിലെ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ദുരിതബാധിതർക്ക് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കേണ്ടതിനായും ഉള്ള കലക്ഷൻ സെൻറർ ഗായിക സയനോരയുടെ നേതൃത്വത്തിൽ നടന്നത്. ആദിവാസി കോളനികളിൽ അടക്കം നേരിട്ട് സാധനങ്ങൾ എത്തിച്ചുകൊടുക്കുകയാണിവർ ചെയ്തത്.

തിരുവനന്തപുരം കോർപറേഷൻെറ നേതൃത്വത്തിൽ വടക്കൻ കേരളത്തിലേക്കുള്ള സാധനങ്ങൾ കലക്ട് ചെയ്ത പ്രവർത്തനങ്ങളിൽ കോർപറേഷൻ മേയർ വി.കെ. പ്രശാന്തിൻെറ നേതൃത്വത്തിലുള്ള സംഘത്തിനൊപ്പം ഗായിക രാജലക്ഷ്മിയും സംഘവും സജീവമായിരുന്നു. 20ലേറെ ലോഡ് സാധനങ്ങളാണ് ഇവർ മലബാറിലേക്ക് കലക്ട് ചെയ്ത് അയച്ചത്. ഇവർക്കു പുറമേ, ദുരിതാശ്വാസപ്രവർത്തനങ്ങളിൽ സജീവമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ നൽകിയും സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ പങ്കുവെച്ചുമെല്ലാം പൃഥ്വിരാജ്, പാർവതി, നിവിൻ പോളി, കുഞ്ചാക്കോ ബോബൻ എന്നു തുടങ്ങി നിരവധിയേറെ താരങ്ങൾ രംഗത്തുണ്ട്.

## ചേർത്തുപിടിക്കാൻ കുഞ്ഞിക്കൈകളും

പ്രളയത്തുരുത്തിൽ ഒറ്റപ്പെട്ടുപോയവർക്കു നേരെ കൈനീട്ടാൻ കുഞ്ഞിക്കൈകളും ഉണ്ടായിരുന്നു. പ്രിയപ്പെട്ട കളിപ്പാട്ടം മുതൽ അവരുടെ സ്വപ്നങ്ങൾ ജീവിക്കുന്ന പണക്കുടുക്ക വരെ അവർ പുറത്തെടുത്തു. ആലപ്പുഴ ജില്ല കലക്ടർ അദീല അബ്ദുല്ലയാണ് പണക്കുടുക്കയുമായി കലക്ടറുടെ ഓഫിസിലെത്തിയ നാലാം ക്ലാസുകാരിയെ സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെടുത്തുന്നത്. കുവൈത്തിലെ ഭവൻസ് സ്മാർട്ട് ഇന്ത്യൻ സ്കൂളിൽ പഠിക്കുന്ന ഭവ്യ ഒരു റേഡിയോയിലെ കുട്ടികളുടെ പരിപാടിയിൽ പങ്കെടുക്കുമ്പോഴാണ് ആർ.ജെയോട് തനിക്ക് കലക്ടറെ കാണണമെന്ന ആഗ്രഹം അറിയിച്ചത്. അപ്പൂപ്പൻ ഗംഗാദത്തനൊപ്പം ഭവ്യ അവളുടെ പണക്കുടുക്കയിലെ സമ്പാദ്യമായ രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിയാണ് മടങ്ങിയത്.

## പൂപ്പിയും കുഞ്ഞു മനിലയും...

എറണാകുളം പറവൂർ സ്വദേശിയായ സിയയുടെ ഏറ്റവും പ്രിയപ്പെട്ട പാവക്കുട്ടികളുടെ പേരാണ് പൂപ്പിയും കുഞ്ഞു മനിലയും. ദുരിതാശ്വാസ ക്യാമ്പിലേക്ക് മാതാപിതാക്കൾ സാധനങ്ങൾ ശേഖരിക്കുന്നത് കണ്ടപ്പോഴാണ് സിയക്കുട്ടി പ്രിയപ്പെട്ട പാവകളുമായി മാതാപിതാക്കൾക്ക് അരികിലെത്തിയത്. ഇതിനെ എങ്ങോട്ടാണ് കൊണ്ടുപോകുന്നതെന്ന അച്ഛൻെറ ചോദ്യത്തിലാണ് സിയ തൻെറ സസ്പെൻസ് വെളിപ്പെടുത്തിയത്.

"വെള്ളപ്പൊക്കം വന്നപ്പോഴേ പിള്ളേരുടെ പാവകളൊക്കെ ചീത്തയായി പോയാരിക്കും. പിന്നെ ഒഴുകി പോയിരിക്കും, കടലിലേക്ക്. ഇതു കാണുമ്പോൾ പിള്ളേർക്ക് ഒരു സന്തോഷം ആവൂലോ!" ഈ പാവകളൊക്കെ സിയക്കുട്ടിക്ക് വലിയ ഇഷ്ടമുള്ള പാവകളല്ലേ എന്ന ചോദ്യത്തിന് അതൊന്നു കുഴപ്പമില്ല എന്നായിരുന്നു സിയയുടെ മറുപടി. തിരക്കഥാകൃത്തായ ശ്യാം ശീതളിൻെറ മകളാണ് സിയ.

## പെരുന്നാൾ പണവുമായി മിൻഹ

പെരുന്നാളിനും മറ്റും ബന്ധുക്കൾ സ്നേഹപൂർവം നൽകിയതും, തൻെറ ഒരു സമ്പാദ്യമെന്ന നിലയിൽ സൂക്ഷിച്ചുവെച്ചിരുന്ന പണവുമായാണ് ഏഴാം ക്ലാസുകാരിയായ മിൻഹ പെരുന്നാൾ പിറ്റേന്ന് പീപ്ൾസ് ഫൗണ്ടേഷൻെറ ദുരിതാശ്വാസ സെല്ലിലെത്തിയത്. കൈയിലുണ്ടായിരുന്ന മുഴുവൻ തുകയും ഫൗണ്ടേഷൻ ചെയർമാൻ എം.കെ. മുഹമ്മദലിക്ക് കൈമാറിയാണ് അവൾ അവിടെനിന്ന് മടങ്ങിയത്. കുന്ദമംഗലം സ്വദേശികളായ ബാബുസൽമാൻെറയും ഷെരീഫയുടെയും മകളാണ്. അനിയൻ മിശാൽ അഹ്മദ് കഴിഞ്ഞ തവണ പ്രളയകാലത്ത് ഇതുപോലെ സംഭാവന നൽകിയിരുന്നു. നന്മയുടെയും കാരുണ്യത്തിന്റെയും ഈ പട്ടിക എത്ര എഴുതിയാലും തീരുന്നതല്ല. നമ്മൾ അതിജീവിക്കുക തന്നെ ചെയ്യും.

●

**1976ൽ പുറത്തിറങ്ങിയ 'സമസ്യ' യിലെ ഒരൊറ്റ ഗാനം മതി കെ.പി. ഉദയഭാനു എന്ന സംഗീതസംവിധായകനെ നമുക്കു ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ**

പാട്ടോരം

# പാടുന്നു... ഉദയചന്ദ്രിക

വിനോദ് കൃഷ്ണൻ

കെ.പി. ഉദയഭാനു എന്ന മഹാനായ ഗായകൻ എൻെറയുള്ളിൽ അലയടിക്കുന്നത് "വെള്ളിനക്ഷത്രമേ നിന്നെ നോക്കി തുള്ളിത്തുളുമ്പുകയെന്യേ..." എന്ന അസാധാരണമായ ഗാനാലാപനമായാണ്. ചങ്ങമ്പുഴയുടെ വരികൾക്ക് അതർഹിക്കുന്ന ഗൗരവവും സൗന്ദര്യവുമുൾക്കൊണ്ടുതന്നെയാണ് രാഘവൻ മാസ്റ്റർ ഈണം ചമച്ചത്. കവിയുടെ കവിതയുടെയും സംഗീതസംവിധായകൻെറ ഈണത്തിൻെറയും മേലേ, അത്ഭുതകരമായ ആ നാദം ഗാനത്തെ ഉയർത്തിപ്പിടിച്ചു. ആഴവും മുഴക്കവും വേദനയുടെ ഒരു നേർത്ത തേങ്ങലുമുള്ള ആ നാദം, പച്ചയായ മനുഷ്യൻെറ ഹൃദയവികാരങ്ങളെ പ്രതിഫലിപ്പിക്കാൻ എന്നും പര്യാപ്തമായിരുന്നു. കവിതയെയും സംഗീതത്തെയും സമന്വയിപ്പിച്ചുകൊണ്ട് ആ സ്വരവൈഖരി രണ്ടിനെയും അതിശയിക്കുന്ന ഒരു വികാരപ്രപഞ്ചത്തെ സൃഷ്ടിച്ചുകൊണ്ടിരുന്നു; പ്രത്യേകിച്ചും ശോകഗാനങ്ങളിൽ. 'നിണമണിഞ്ഞ കാൽപാടുകളി'ൽ പി. ഭാസ്കരൻ-ബാബുരാജ് ടീമിൻെറ

*"അനുരാഗനാടകത്തിൻ അന്ത്യമാം രംഗം തീർന്നു...*
*അരങ്ങിതിലാളൊഴിഞ്ഞു,*
*കാണികൾ വേർപിരിഞ്ഞു..."*

ഈ ഗാനം ഉദയഭാനുവിനു മാത്രം പാടാനാവുന്ന ഒരു സൃഷ്ടിയാണ്. ഭാസ്കരൻ മാഷിൻെറ കവിതയെയും ബാബുക്കയുടെ ഈണത്തെയും അവയുടെ അർഥ-ഭാവസത്തകളെയും ആത്മാവിൽ കോരിയെടുത്തു വിളമ്പുന്ന ആലാപനം. 'അനുരാഗ നാടകത്തിൻെറ' കീഴ്സ്ഥായിയിലേക്കുള്ള സഞ്ചാരം ജീവിതനാടകത്തിൻെറ ആഴം അനുഭവിപ്പിക്കുന്നു. അതുപോലെ അനുരാഗത്തിൻെറ അന്ത്യംപകരുന്ന വേദനയും വേപഥുവും ആവിഷ്കരിക്കുകയും ആത്മാവിനെ ആളൊഴിഞ്ഞ ഒരു മഹാനിശ്ശബ്ദതയാൽ ആവരണം ചെയ്യുകയും ചെയ്യുന്നു. 'ലൈലാമജ്നു'വിലെ 'ചുടുകണ്ണീരാലൊരു' എന്നു തുടങ്ങുന്ന ഗാനവും ഈ ഗാനങ്ങളോടു ചേർത്തുവെക്കാവുന്നതാണ്. 'എന്തിനിത്ര പഞ്ചസാര', 'പൊൻവളയില്ലെങ്കിലും' തുടങ്ങി പ്രണയമധുരം ചാലിച്ച പാട്ടുകളും ആ നാദത്തിൽ പിറന്നിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമത്തിലുള്ള കിഴക്കേപ്പട വീട്ടിൽ ജനിച്ച ഉദയഭാനു കർണാടകസംഗീതത്തിലെ മഹാവിസ്മയമായ എം.ഡി. രാമനാഥൻെറ ശിഷ്യനായിരുന്നു. എം.ഡി.ആറിൻെറ ശബ്ദത്തിൻെറ ഏതോ ഒരു ഘടകത്തിൻെറ സാമ്യം ഉദയഭാനുവിൻെറ നാദത്തിലും ഉണ്ടായിരുന്നത് ആ സഹവാസംകൊണ്ടുതന്നെയാവണം. അറുപതിൽപരം ഗാനങ്ങൾ സിനിമക്കായി പാടിയ കെ.പി. ഉദയഭാനു എന്ന ഗായകനെ അറിയാത്ത മലയാള സംഗീതാസ്വാദകർ അത്യപൂർവമായിരിക്കും. എന്നാൽ, ഉദയഭാനു എന്ന സംഗീതസംവിധായകനെ എത്ര മലയാളികൾക്കറിയാം? കവിതയുടെ ആത്മാവ് തൊട്ടറിഞ്ഞാണ് അദ്ദേഹം ഈണങ്ങൾ തീർത്തത്. സമസ്യ, നിഴലുകൾ രൂപങ്ങൾ, മയിൽപ്പീലി, ചുണക്കുട്ടികൾ, വെളിച്ചമില്ലാത്ത വീഥി, ഇതുനല്ല തമാശ എന്നീ ആറു ചലച്ചിത്രങ്ങളിലാണ് അദ്ദേഹം സംഗീതസംവിധാനം നിർവഹിച്ചത്. എന്നാൽ, ആകാശവാണിക്കായി അദ്ദേഹം മോഹനങ്ങളായ നിരവധി ലളിതഗാനങ്ങൾക്ക് ഈണമിട്ടു. 1976ൽ പുറത്തിറങ്ങിയ 'സമസ്യ' എന്ന ചിത്രത്തിലെ ഒരൊറ്റ ഗാനം മതി കെ.പി. ഉദയഭാനു എന്ന സംഗീതസംവിധായകനെ നമുക്കു ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ. ഒ.എൻ.വിയുടെ സരളമായ കവിതക്ക് അദ്ദേഹം നൽകിയിരിക്കുന്നത് അനന്യമായ സംഗീതാവിഷ്കാരമാണ്.

*"കിളിചിലച്ചു... കിലുകിലെ കൈവള ചിരിച്ചു*
*കളമൊഴി നിൻ കൈയിലൊരു*
*കുളിരുമ്മ വച്ചു..."*

പല്ലവിക്കും അനുപല്ലവിക്കും ചരണത്തിനുമെല്ലാം വേറിട്ടതെങ്കിലും ഒരേ ഭാവത്തിൻെറ ഉള്ളുറവയാൽ ഇണക്കുന്ന അനുപമമായൊരു ചാരുതയുണ്ട്. പശ്ചാത്തലത്തിലെ ഷഹ്നായിയുടെ ഒഴുക്കും ചെറുകിലുക്കങ്ങളും എത്ര ഹൃദ്യമായി വിന്യസിച്ചിരിക്കുന്നു! ഈ പാട്ട് ശ്രദ്ധിച്ചവർക്ക് ഒരു കാര്യം വ്യക്തമാവും. എം.ഡി.ആറിൻെറ സ്കൂളിൽ കർണാട്ടിക് ക്ലാസിക്കൽ അഭ്യസിച്ച ഒരു പഴയകാല ഗായകൻെറ മട്ടല്ല ഈ ഗാനശിൽപത്തിനെന്ന്. ഉദയഭാനുവിലെ ആധുനികമായ സംഗീത ഭാവുകത്വമാണ് ഈ നിർമിതിയിൽ പ്രതിഫലിക്കുന്നത്.

'മയിൽപ്പീലി' എന്ന ചിത്രത്തിലും ഒ.എൻ.വി-ഉദയഭാനു-യേശുദാസ് കൂട്ടുകെട്ടിൻെറ മാന്തളിർപ്പട്ടുപോലൊരു ഗാനമുണ്ട്. കവിതയെ, കാവ്യാർഥത്തെ ഒട്ടും ചോരാതെ അനുവാചകനിലെത്തിക്കാൻ രാഗത്തിൻെറ തരളഭാവവും മിശ്രതാളത്തിൻെറ വിളംബവും സൂക്ഷ്മതയോടെ കൊരുത്തിരിക്കുന്നു.

*"മാന്തളിരിൻെറ പട്ടിളംതാളിൽ*
*മാതളത്തിൻെറ പൊന്നിതൾക്കൂമ്പിൽ*
*പ്രേമലേഖനം, എഴുതും അജ്ഞാത-*
*കാമുകനൊത്തു ഞാനിന്നുണർന്നു"*

"ഇന്ദുസുന്ദരസുസ്മിതം തൂകും" എന്നു തുടങ്ങുന്ന ഈ ഗാനത്തിലൂടെ ഒരു സംഗീതസംവിധായകൻ കവിതയെ എങ്ങനെയാണ് പരിചരിക്കേണ്ടത് എന്ന് പഠിപ്പിക്കുകയാണ് കെ.പി. ഉദയഭാനു.

ആകാശവാണിയിലൂടെയാണ് കെ.പി. ഉദയഭാനു എന്ന സംഗീതജ്ഞൻ വളർന്നത്. പി. ഭാസ്കരൻ, കെ. രാഘവൻ, തിക്കോടിയൻ തുടങ്ങിയ പ്രതിഭകളുടെ ഇടം. ആകാശവാണിക്കുവേണ്ടി അദ്ദേഹം എത്രയോ ലളിതഗാനങ്ങൾക്ക് ഈണമിട്ടു. അവയിൽ പലതിൻെറയും റെക്കോഡ് ഇന്ന് നിലവിലില്ല. പക്ഷേ, ആകാശവാണിക്കുവേണ്ടി അദ്ദേഹം ഈണമിട്ട, അദ്ദേഹത്തിൻെറ ഏറ്റവും മികച്ച ഈണമായി ആസ്വാദകർ കരുതുന്ന ഗാനം ഇന്നും സംഗീതപ്രേമികളുടെ ഹൃദയാകാശങ്ങളിൽ പറന്നുകൊണ്ടിരിക്കുന്നു. കാൽപനിക കാവ്യലോകത്തെ പുഷ്പകിരീടമണിഞ്ഞ ചക്രവർത്തി പി. ഭാസ്കരൻെറ 'ശശികിരണ കനകതൂലികയിൽ' 'ഒരു വിരഹം...' അതെ... പ്രണയം മായാൻ തുടങ്ങുന്നു.

*"എന്നിട്ടുമോമലാൾ വന്നില്ലല്ലോ*
*എന്നടുത്തെന്നടുത്തിരുന്നില്ലല്ലോ..."*

-വാസന്തിയുടെ വിരഹവിഷാദനിർമല ഭാവം വഴിയുന്ന ഈണം. ഓരോ വരിയെയും വാക്കുകളെയും നെഞ്ചിലെടുത്ത് താലോലിച്ച് താലോലിച്ചാണ് ഉദയഭാനു ഈ ഗാനത്തെ ഗാനമാക്കുന്നത്; ആലപിച്ചത് പി. ജയചന്ദ്രനും. അദ്ദേഹത്തിൻെറ നാദത്തിൻെറ സവിശേഷത ഈ ഗാനത്തിന് പ്രത്യേകമായൊരനുഭൂതിതലം നൽകുന്നുണ്ട്.

"ഓരോ തളിരിലും ഓരോ പൂവിലും
ഓർമക്കുറിപ്പുകളെഴുതി
ഉദയശശികിരണകനക തൂലികയിലെ
കവിതയും മഷിയും തീർന്നു..." ഭാസ്കരൻ മാഷുടെ സുവർണലിപികളെ അതിലെ ഓരോ പദങ്ങളെയും സ്വതഃസിദ്ധമായ ശബ്ദസൗന്ദര്യംകൊണ്ട് പരിചരിച്ച് നമ്മിലേക്ക് പകരുകയാണ് ഭാവഗായകൻ.

*"ആവണിവാനിടത്തിൻ*
*ആൽത്തറയിൽ കൊളുത്തിയ*
*ഓണനക്ഷത്രദീപം മങ്ങീ..."* ഈ വരികളിൽ

ആ ദീപത്തിൻെറ മങ്ങൽ എത്ര സൂക്ഷ്മമായാണ് 'മങ്ങീ...' എന്നിടത്ത് ആ നാദം ധ്വനിപ്പിക്കുന്നത്!

*'വനമുല്ല മലർമാല'യുടെ വാടലിലും ഇതേ തേങ്ങലുണ്ട്.*

*'സംഗീതം ഞാൻ മറന്നുപോയി'*
*'എൻെറ മനസ്സിലും കൂരിരുൾ തിങ്ങീ...'*
*ഈ വരികളുടെ ആലാപനത്തിൽ,*

കാമുകൻെറ വിരഹവും നീലിച്ച വിഷാദവും ഏകാകിതയും എത്രമേൽ അനുഭവപ്പെടുന്നുവെന്ന് പറയുക വയ്യ.

കെ.പി. ഉദയഭാനു എന്ന സംഗീതസംവിധായകനെ മാസ്മരികമായ നാദംകൊണ്ട് ചരിത്രത്തിൽ അടയാളപ്പെടുത്തുകയായിരുന്നു പി. ജയചന്ദ്രൻ.

●


കെ.പി. ഉദയഭാനു

കഥ



● ചിത്രീകരണം: സജീവ് കീഴരിയൂർ

# എല്ലാം അവനെന്നുതോന്നുമ്പോൾ...

പ്രിയ സുനിൽ

വെള്ളമിങ്ങനെ പൊങ്ങിപ്പൊങ്ങി നെഞ്ചൊപ്പമെത്തി നിക്കുമ്പോൾ എന്തൊക്ക്യായിരിക്കും ഒരാള് ചിന്തിക്ക്വാ? ഹൃദയത്തിലടിഞ്ഞുകൂടിയ പകേം വിദ്വേഷൊക്കെ വെള്ളത്തിലലിഞ്ഞ് ഇല്ലാണ്ടായിട്ട്ണ്ടാവ്വോ? പിന്നേം പൊങ്ങി കഴുത്തൊപ്പമെത്തുമ്പഴോ, നീന്തിക്കളയാമെന്ന വിചാരത്തെ തോൽപിച്ച് കുഞ്ഞുങ്ങൾ കണ്ണിൽ നോക്കുമ്പഴോ അയാൾ ചിന്തിച്ചിരുന്നതെന്തൊക്കെയായിരുന്നൂന്ന് സങ്കൽപിക്കാൻ പറ്റ്വോ? പറ്റൂല്ല.

ചില നിമിഷങ്ങളിൽ ഒരാളെങ്ങനെ ചിന്തിക്കുംന്ന് മറ്റൊരാൾക്ക് ഊഹിക്കാൻ കൂടി പറ്റൂല്ല. ഒന്നും ചിന്തിക്കാൻ പറ്റാത്തവിധം ബുദ്ധി മരവിച്ചു പോയിട്ട്ണ്ടാവും ചെലപ്പോ. അങ്ങനെ ചിന്തിച്ചൂടാര്ന്നോ ഇങ്ങനെ ചെയ്തൂടാര്ന്നോ ന്നൊക്കെ എല്ലാർക്കും മാറിനിന്ന് പറയാംന്നേ ള്ളൂ. എന്തായാലും ഒരുപാടിഷ്ടമുണ്ടാര്ന്നോരെയൊക്കെ ഒരിക്കക്കൂടി കണ്ടിരുന്നെങ്കിലെന്ന് ആഗ്രഹിച്ചിട്ടുണ്ടാവും. അതൊറപ്പാ.


അങ്ങനൊരവസ്ഥേൽ അവൻ പെട്ടുപോയിട്ടുണ്ടാരുന്നെങ്കിൽ ആഗ്രഹിച്ചവരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിട്ടുണ്ടാവില്ലേ? അതിന് അവനെന്നെ എന്നെങ്കിലും സ്നേഹിച്ചിരുന്നോ? ഉണ്ടായിരുന്നേൽ ഇത്രേം നാളും കാണാനോ വിളിക്കാനോ ശ്രമിക്കാതെ മറഞ്ഞിരിക്ക്വാരുന്നോ? അങ്ങനെ കണ്ടും മിണ്ടിയും പുതുക്കിപ്പണിഞ്ഞില്ലേൽ ഇല്ലാണ്ടാവണതാണോ സ്നേഹം? ഇതുപോലെ ഉത്തരമറിഞ്ഞൂടാത്ത ഒരുപാട് ചോദ്യങ്ങൾക്കുള്ള ഉത്തരം തന്നെയല്ലേയത്? എന്തായാലും ഇങ്ങോട്ടില്ലേലും അങ്ങോട്ടുണ്ടായേക്കാവുന്ന എന്തോ ഒന്നാണ്. അല്ലെങ്കിലീ ടീവീടെ മുന്നീന്നെണീറ്റു മാറാതെ ഞാനിങ്ങനിരിക്ക്വോ? ആ ന്യൂസ് ചാനലൊന്ന് മാറ്റിക്കൂടേന്ന്ള്ള ചോദ്യോം അവഗണിച്ചോണ്ട്!

പ്രളയമുണ്ടായ ഏതേലും സ്ഥലത്താണവൻ താമസിക്കുന്നതെന്ന് എനിക്കറിവുണ്ടായിട്ടൊന്നുമല്ല. എത്തിപ്പെടാൻ പറ്റാത്ത ഒരുൾപ്രദേശത്ത് വെള്ളത്തിൽ ചുറ്റപ്പെട്ട് അവൻ വിഷമിക്കുന്നുണ്ടെന്ന് വെറുതെയങ്ങ് തോന്നുന്നു. 'സഹായിക്കൂ' എന്ന അപേക്ഷകളും നിലവിളികളും നെഞ്ചിടിപ്പു കൂട്ടുന്നു. തൊണ്ടയ്ക്കുള്ളിലൂടെ ഒരുഭാരം ഇറങ്ങിപ്പോണപോലെ. ഹെലികോപ്ടറിൽ തൂങ്ങിയുയരുന്നവരിൽ അവനുണ്ടോ? എറിഞ്ഞു കൊടുക്കുന്ന ഭക്ഷണപ്പൊതികൾക്ക് കൈനീട്ടുന്നവരിൽ... വള്ളങ്ങളിലേക്ക് വലിഞ്ഞു കയറുന്നവരിൽ... ദുരിതാശ്വാസ ക്യാമ്പുകളിലെ ഓരോ മുഖങ്ങളിലും പേടിയോടെ തിരഞ്ഞു. അവിടെ പുറംതിരിഞ്ഞുനിൽക്കുന്നതവനല്ലേ? അതിനുമപ്പുറത്ത് പാതി മറഞ്ഞുനിൽക്കുന്നത്... വലിയ സാഹസികനായിരുന്നു പണ്ട്. ഇനിയിപ്പോ രക്ഷാപ്രവർത്തനത്തിനിറങ്ങീട്ട്ണ്ടാവ്വോ? ഭ്രാന്തൻമഴ കുന്നിനേം വലിച്ചെറക്കീട്ട് പോയപ്പോ മണ്ണിലമർന്നു പോയവരിൽ അവനുണ്ടാരിക്ക്വോ? ഈശ്വരാ! അങ്ങനൊന്നും സംഭവിക്കല്ലേ...

ഇങ്ങനെ കാണുന്നതെല്ലാം അവനാന്ന് കരുതീതോണ്ടാ ഇത്രേം കാശ്, അതിപ്പോ എത്രയാന്ന് ഞാമ്പറയില്ല അവനു വേണ്ടിയല്ലേ, ദുരിതാശ്വാസത്തിനാന്നും പറഞ്ഞ് കൊണ്ടുക്കൊടുത്തത്. അതും വീട്ടിൽ വേറാരും അറിയാതെ! ഭക്ഷണസാധനോം കൊറേ പായ്ക്ക് ചെയ്തയച്ചു. എങ്ങോട്ടാന്നൊന്നും അറിഞ്ഞൂടാ. അവന് കിട്ട്വാരിക്കും. അത്രേ വിചാരിച്ചുള്ളൂ.

പത്തുവർഷം മുമ്പ് ഇഷ്ടപ്പെട്ട പെണ്ണിനേം കല്യാണം കഴിച്ച് അവൾടെ മതത്തിലേക്ക് മാറിപ്പോയവനെ, അച്ഛനും സഹോദരങ്ങളും മറന്നിട്ടുണ്ടാവാം. പക്ഷേ... എന്റെയുള്ളിൽ അവനെ വേവിച്ചെടുത്ത പാത്രത്തിന്റെ ചൂടാറാൻ പത്തു വർഷമല്ല ഒരായുസ്സ് തന്നെ പോരാ. അവൻ ചെലപ്പോ വെള്ളപ്പൊക്കം കണ്ടിട്ടും കൂടിണ്ടാവില്ല. ന്നാലും ഇത്രേം ദെവസോം ശ്വാസംമുട്ടിത്തന്നെയാ ഞാനിരുന്നേ. നിലയില്ലാക്കയത്തിലകപ്പെട്ടവൾടെ നിസ്സഹായതയുടെ ശ്വാസംമുട്ടൽ! അതെങ്ങാനാന്ന് ചോദിച്ചാൽ...പറഞ്ഞ് തരാനെനിക്കറിഞ്ഞുംകൂടാ.. ●

കവിത



## ഒന്നിൽ നിന്നും

എം.പി. ജയപ്രകാശ്

മണ്ണടരുകളെ
വകഞ്ഞു മാറ്റി
പുറത്ത് ചാടുന്ന
ഒരു വെള്ളത്തുള്ളി
സമുദ്രത്തോളം സഞ്ചരിക്കുന്നു.
ഒരു പക്ഷെ,
ആദ്യത്തെ തുള്ളി
ഒരു കവിയോ ചിത്രകാരിയോ
ആയിരുന്നിരിക്കണം.
അതു കൊണ്ടാണല്ലോ
അത് സമുദ്രത്തെ
സ്വപ്നം കണ്ടതും,
ദൂരെ ദൂരെ ചെന്ന്
ഒരു മഹാഗർത്തത്തിൽ
സമുദ്രത്തെ
വരച്ചു തുടങ്ങിയതും... !

## ഗണിതം

ഇരുൾ തിങ്ങുന്നൊരു
വനം
ധ്യാനലീനമായിരിക്കുമ്പോൾ
അതിന്റെ
മഹാമൗനങ്ങളിൽ
അവസാനിക്കാത്തൊരു
സംഗീതം കേട്ട്
മതിമറന്നിരിക്കുന്നു,
ചുട്ടുപൊള്ളുന്ന
മരുഭൂമി
മുറിച്ചു നീന്തി വന്നൊരു
പറവ.
മൗനത്തിന്റെ തുഞ്ചത്ത്
ശബ്ദമില്ലാതെയും
സംഗീതമുണ്ടെന്നത്,
ആഴത്തെയും പരപ്പിനെയും
ജീവിതം കൊണ്ട്
വ്യാഖ്യാനിക്കുന്ന
മീനുകൾക്കും പക്ഷികൾക്കും
നന്നായറിയാമായിരിക്കാം...!

വായന

# ചിറകുകളുടെ താളവും ഹൃദയത്തിന്റെ ഗാനവും

എ.കെ. അബ്ദുൽ മജീദ്

*'എല്ലാ ഭാഷകളും*
*തോറ്റു പോകുന്ന*
*ചില സംഘർഷ നേരങ്ങളിൽ*
*എല്ലാ ചുഴികളെയും താണ്ടി*
*മൗനത്തിന്റെ ഒരു തോണി വന്ന്*
*നമ്മെ രക്ഷപ്പെടുത്തും'*

തൻസീം കുറ്റ്യാടി എന്ന യുവകവി കവിതയുടെ തോണിയിൽ വന്നാണ് പലതരം സംഘർഷങ്ങളിൽ സ്വയം നഷ്ടപ്പെട്ട് ഇതികർത്തവ്യഥാ മൂഢരായി നിൽക്കുന്ന നമ്മെ സമാശ്വസിപ്പിക്കുന്നതും കൺവെട്ടത്തുതന്നെയുള്ള പച്ചത്തുരുത്തുകളെ കാണിച്ചു തരുന്നതും. ആ തുരുത്തിലണയണമെങ്കിൽ പക്ഷേ, കണ്ണുകളിൽനിന്ന് കണ്ണുകളിലേക്ക് തുഴയണം. സദാ ബഹളം വെച്ചും സംഘർഷപ്പെട്ടും കൊണ്ടിരിക്കുന്ന നമുക്കെങ്ങനെയാണ് പച്ചമനസ്സിന്റെ ആ പച്ചത്തുരുത്തിൽ എത്തിപ്പെടാൻ സാധിക്കുക.. ആരാണ് തുണ പോരുക? ജനിക്കും മുമ്പേ മാതൃഹൃദയത്തിനു ചുവടെ കൂടെ വസിച്ച മൗനത്തിനു മാത്രമേ അതിന്റെ പൊരുൾ മനസ്സിലാവുകയുള്ളൂ. അത് ചിറകുകളുടെ താളവും ഹൃദയത്തിന്റെ ഗാനവുമാകുന്നു.


'ചുവന്ന മണ്ണിന്റെ പച്ചപ്പുതപ്പിലിരുന്ന്' ആകാശത്ത് അസ്തമയ സൂര്യൻ കോറിയിടുന്ന കവിതകളാണ് തൻസീം കുറ്റ്യാടി വായിക്കുന്നതും പകർത്തുന്നതും. തന്റെ ആകാശവും ഭൂമിയും ആരും തട്ടിക്കൊണ്ടു പോവുകയില്ലെന്ന ശുഭപ്രതീക്ഷയിലാണ് കവി. ഈ പ്രതീക്ഷയാണ് മറുനാട്ടിലെ മഴയുന്മാദങ്ങൾ ഈന്തപ്പനകളുടെ വേരുകളിൽ മധുവായി നിറയുന്നതു കാണാൻ, മരുഭൂമിയിൽ നിന്ന് കാടിറങ്ങിപ്പോകുമ്പോഴും കവിയെ പ്രാപ്തനാക്കുന്നത്. അപ്പോഴും, 'ആരവങ്ങളിൽ തോറ്റുപോകുന്ന നേരൊച്ചകളും 'കിതപ്പുകളും കവി കേൾക്കാതിരിക്കുന്നില്ല.

*'ഒറ്റക്കത്തലിൽ*
*ഒറ്റക്കയറിൽ*
*പൊടുന്നനെ തീർന്നുപോയവരുടെ*
*കൂടാരങ്ങളിൽനിന്ന്*
*തീപ്പന്തങ്ങളുമായി ചിതറി'*

വരുന്നവയാണ് ആരോ തല്ലിക്കെടുത്തിയ കുലചിഹ്നങ്ങളില്ലാത്ത നിലവിളികൾ. കുതന്ത്രങ്ങൾ മെനയാൻ തമ്പ്രാക്കൾ പണിത ആ വിശുദ്ധ മന്ദിരങ്ങളെ ആ നിലവിളികൾ തേടിച്ചെല്ലും. ഉടലുകളിൽനിന്ന് പാതിവെന്ത പച്ചമാംസങ്ങൾ ഊരിയെടുത്ത് അവർ നീതി ചോദിക്കുകയും ചെയ്യും. കരുതിവെച്ച മൗനങ്ങൾ ചിലപ്പോഴെങ്കിലും മഹാവിസ്ഫോടനങ്ങൾ തീർക്കുന്നത് ഇങ്ങനെയാവാം. കാലമാവുമ്പോൾ പൊട്ടിത്തെറിക്കാനുള്ളതാണല്ലോ മൗനം.

മൗനങ്ങളെ പൊട്ടിത്തെറിക്കാൻ അനുവദിക്കാതെ ആത്മഗതങ്ങളാക്കി ഉള്ളിലെ തുരുത്തിൽ ഒളിപ്പിക്കാനാണ് നാം ഇഷ്ടപ്പെടുന്നത്. സങ്കടങ്ങളെ വഹിച്ചു പോകുന്ന കപ്പലുകളെ അവ ഓർമിപ്പിക്കുന്നു. പുസ്തകത്തിന്റെ പേരിനാധാരമായ 'കടലോളം കനമുള്ള കപ്പലുകൾ' പേറുന്നത് നീതി തേടി നൊന്തുടഞ്ഞ ഹൃദയ ഭാരങ്ങളെയത്രെ. കപ്പലിന് കടലോളം കനം സിദ്ധിക്കുന്നത് അതുകൊണ്ടാണ്. പല ദേശങ്ങളിൽനിന്നുള്ള പറവകളും ഭൂമിയും ആകാശവും പച്ചപ്പും ഗൃഹാതുരതയോടെ ഈ കവിതയിലും കപ്പലിൽനിന്നുള്ള കാഴ്ചകളായി തെളിയുന്നു. കപ്പൽ ഒന്നല്ല, അനേകമുണ്ട്; നാവികനു വഴങ്ങാതെ ദിശമാറിപ്പോയ്ക്കളയുന്നവ.

പരാജിതരുടെ രാജ്യത്ത് വായിക്കാൻ ഒരു ശിൽപമുണ്ടാക്കാൻ കവി ആഗ്രഹിക്കുന്നു. ശിൽപികൾ ചെത്തിയൊഴിവാക്കിയ കൽചീളുകൾ കൊണ്ടാവണം ആ ശിൽപം. എങ്ങനെയെന്നാൽ




കവിതയിൽനിന്ന് വെട്ടിക്കളഞ്ഞ വാക്കുകൾ ചേർത്ത് ഒരു കവിതയുണ്ടാക്കുന്നതു പോലെ. അരികുവത്കരിക്കപ്പെട്ടവരുടെ, അടിച്ചമർത്തപ്പെട്ടവരുടെ, നിന്ദിതരുടെ, പീഡിതരുടെ, പരിത്യക്തരുടെ ഒരു രാജ്യം കവി സ്വപ്നം കാണുന്നുണ്ടാവണം.

എവിടെയും അടയാളപ്പെടാതെപോയവരുടെ നെടുവീർപ്പുകളെ കുറിച്ച് 'കിതപ്പുകളുടെ ഭൂപട'ത്തിൽ കവി വിചാരപ്പെടുന്നുണ്ട്. തൻസീമിന്റെ കവിതകൾക്ക് മണ്ണിൽ വേരോട്ടം ലഭിക്കുന്നത് ഇത്തരം വിചാരങ്ങളിലൂടെയാണ്. കവിയുടെ മിഴികൾ ആകാശത്തായിരിക്കുമ്പോഴും പാദങ്ങൾ മണ്ണിലുറച്ചു തന്നെ. ഭാവനയുടെ ആകാശത്തെയും ജീവിതത്തിന്റെ ഭൂമിയെയും ബന്ധിപ്പിക്കുന്ന പാലമാണ് മഴ. ആകാശത്തുനിന്നും ദൂതുമായെത്തുന്ന മഴത്തുള്ളി നക്ഷത്രങ്ങളെ ഒളിച്ചു കടത്തുന്നതായി ഭാവന ചെയ്യുന്നു.

**കടലോളം കനമുള്ള കപ്പലുകൾ (കവിത)**
തൻസീം കുറ്റ്യാടി
പേജ്: 80, വില: 80
ബാഷോ ബുക്സ്, കോഴിക്കോട്.

*'ആകാശം വിട്ടുപോരുമ്പോൾ*
*ഓരോ മഴത്തുള്ളിയും*
*കൈക്കുള്ളിൽ ഒളിച്ചു കടത്താറുണ്ട്*
*ഓരോ നക്ഷത്രങ്ങളെ'*

വളരെ കരുതലോടെയാണ് മഴത്തുള്ളികൾ നക്ഷത്രങ്ങളെ കൊണ്ടുവരുന്നത്. എന്നാലും, ചിലപ്പോഴത് മിന്നലായ് വെളിപ്പെട്ടുപോകും. ഹരിതാഭമായ ഭൂമിയെ കെട്ടിപ്പിടിച്ചുറങ്ങുന്നത് കിനാവുകാണുന്ന നക്ഷത്രങ്ങൾ ഭൂമിയിലേക്ക് ഊർന്നിറങ്ങി, അടുത്ത പുതുമഴയിൽ മഴപ്പാറ്റകളായി പുനർജനിക്കുകയാണെന്ന കവി ഭാവന ഉജ്ജ്വലം. പുസ്തകത്തിലെ പലായനം എന്ന കവിതയിലാണിത്.


*'കിനാവിന്റെ ഭാഷയറിയാത്ത*
*ഓഫിസിലെ പഞ്ചിങ് മെഷീനറിയുമോ*
*ഞാൻ എത്ര ദൂരങ്ങൾ*
*എത്ര പച്ചപ്പുകൾ*
*താണ്ടി വരുകയാണെന്ന്!'*

എന്ന് കവി പരിഭവിക്കുന്നത് പച്ചപ്പിൽ നിന്നൊരേട് എന്ന കവിതയിൽ കാണാം. പച്ചപ്പും മണ്ണും മഴയും മഞ്ഞും വീഞ്ഞും പ്രണയവും തുമ്പിയും പൂവും ശലഭങ്ങളും സമാഹാരത്തിലെ കവിതകളിൽ ആവർത്തിച്ചു വരുന്ന ബിംബങ്ങളാണ്. കിനാവിലും യാഥാർത്ഥ്യത്തിലും ഇവ പ്രത്യക്ഷപ്പെടുന്നു.

തീവണ്ടിപ്പാളം, പഞ്ചിങ് മെഷീൻ, ഗസ്സ, വൃദ്ധസദനം, അഖ്‌ലാഖ്, ചോയി ഡോക്ടർ, നിൽപുസമരം എന്നിങ്ങനെ മജ്ജയും മാംസവും ചൈതന്യവുമുള്ള നേരുകളെ കവി കാണാതിരിക്കുന്നില്ല. കിനാവുകളെ അപഹരിച്ച് യാഥാർഥ്യം ഏതു നേരവും നമ്മെ ഒറ്റു കൊടുത്തേക്കുമെന്ന് 'ദേശദ്രോഹി'യിൽ കവി ഓർമിപ്പിക്കുന്നുണ്ട്. കാൽപനികതയുടെയും യാഥാർഥ്യത്തിന്റെയും - കിനാവിന്റെയും ജീവിതത്തിന്റെയും-രണ്ടു തോണികളിലായാണ് തൻസീം കുറ്റ്യാടി എന്ന കവി സഞ്ചരിക്കുന്നത് എന്നാണ് ഈ സമാഹാരത്തിലെ കവിതകളിലൂടെ കടന്നുപോകുമ്പോൾ അനുഭവപ്പെടുന്നത്. കോഴിക്കോട് ബാഷോ ബുക്സാണ് 'കടലോളം കനമുള്ള കപ്പലുകൾ' എന്ന ഈ കവിത സമാഹാരം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ◆

പുസ്തകം






**നല്ല ഭൂമി (നോവൽ)**
വിവ: രാധാ എൻ. മേനോൻ
പേജ്: 287, വില: 299.00
ഡി.സി ബുക്സ്

ജീവിതത്തിന്റെ നിലനിൽപിനും ഉയർച്ചക്കുമായി കഠിനാധ്വാനം ചെയ്യുന്ന ചൈനീസ് കർഷക കുടുംബത്തിന്റെ കഥപറയുന്ന നോവൽ.



**സൂത്രധാരനാര്?, വേഷക്കാരനാര്? (ലേഖനം)**
പ്രകാശ് രാജ്
വിവ: സുധാകരൻ രാമന്തളി
പേജ്:158, വില: 160.00
ഡി.സി ബുക്സ്

സമകാലിക ജീവിതത്തിന്റെ ഗതിവിഗതികളെ കുറിച്ച ആശങ്കകളും പ്രതീക്ഷകളും പങ്കുവെക്കുകയാണ് നടനും സാമൂഹിക പ്രവർത്തകനുമായ ലേഖകൻ.



**ഞാൻ ഒരു ഭാഷയാണ് (കവിത)**
കെ. സച്ചിദാനന്ദൻ
പേജ്: 130, വില: 131.00
പൂർണ പബ്ലിക്കേഷൻസ്

കവിത, ഭാഷ, ആവിഷ്കാരം എന്നീ വിഷയങ്ങളിൽ വിവിധ കാലങ്ങളിൽ രചിച്ച കവിതകളുടെ സമാഹാരം. ജീവിതത്തെ സംബന്ധിച്ച ഉൾക്കാഴ്ചകൾ നിറയുന്നു ഇതിൽ.




**ഒരു നീണ്ട രാത്രിയുടെ ഓർമക്കായിയും അരക്ഷിതാവസ്ഥയും (കഥ)**
ഒ.വി. വിജയൻ
പേജ്: 158, വില: 160.00
ഡി.സി ബുക്സ്

അടിയന്തരാവസ്ഥയാണ് ഈ കഥകൾക്ക് നിമിത്തമാകുന്നത്. ഏകാധിപത്യവും ചൂഷണവും നിലനിൽക്കുന്ന ഏതു പശ്ചാത്തലത്തിലും ഇവ പ്രസക്തമാണ്.




**ജാഗ്രത (ലേഖനം)**
സുഗതകുമാരി
പേജ്: 136, വില:175.00
മാതൃഭൂമി ബുക്സ്

ഭൂമി സർവനാശത്തിലേക്ക് പതിക്കുന്ന കാലത്ത്, മക്കൾ നിലവിളിക്കുന്ന സമയത്ത് നിങ്ങൾ ഉണരണമെന്ന് ആവശ്യപ്പെടുന്നു ഈ ലേഖനങ്ങൾ. ഗൗരിയുടെ കൊലയെ പറ്റി, അരുത് ആനകളോട് ക്രൂരത, മദ്യവികസം തുടങ്ങി നാൽപതോളം ലേഖനങ്ങൾ.




**മക്കയിലേക്ക് അനേകം വഴികൾ (യാത്ര)**
സമാഹരണം: എ.കെ. അബ്ദുൽ മജീദ്
പേജ്: 261, വില: 250.00
ഐ.പി.എച്ച്

വിവിധ കാലങ്ങളിൽ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്ന് മാസങ്ങളും വർഷങ്ങളുമെടുത്ത് മക്കയിലേക്കു പോയി ഹജ്ജ് നിർവഹിച്ച സ്ത്രീകളുടെയും പുരുഷന്മാരുടെയും ത്രസിപ്പിക്കുന്ന യാത്രാനുഭവങ്ങൾ.



**വൈക്കം മുഹമ്മദ് ബഷീർ: സർഗാത്മകതയുടെ നീലവെളിച്ചം (പഠനം)**
ഡോ. പി.കെ. പോക്കർ
പേജ്: 184, വില: 190.00
വചനം ബുക്സ്

വൈക്കം മുഹമ്മദ് ബഷീറിന്റെ കഥാലോകത്തിലൂടെ ഒരു സർഗാത്മക സഞ്ചാരം. സൂഫിസം, ദർശനം, പെൺകരുത്ത്, നവോത്ഥാന ചിന്ത തുടങ്ങി ബഷീറിന്റെ എഴുത്തിലെ വിവിധതലങ്ങളെ സ്പർശിക്കുന്ന 17 ലേഖനങ്ങൾ.



**ഉറക്കംതൂങ്ങി മരങ്ങളുടെ നഗരം (കഥ)**
ജേക്കബ് എബ്രഹാം
പേജ്: 60, വില: 70.00
കൈരളി ബുക്സ്

സമകാലിക ജീവിതത്തിൽനിന്ന് ചീന്തിയെടുത്ത അനുഭവങ്ങൾ കഥയായി പുനർജനിക്കുന്നു. മൂരി, മോഡൽ, മൂർത്തിയുടെ ഗ്രഹനില, ചീഫും മാഡവും തുടങ്ങി 10 കഥകൾ. മലയാള കഥയുടെ നവമുഖം.



# മോഹന സ്വപ്നങ്ങൾ

**39 വർഷം പുരുഷനായി ജീവിച്ച ഗിരീഷ് ഇക്കാലമത്രയും കാത്തിരുന്നത് ഈയൊരു ദിവസത്തിനായിരുന്നു. മോഹിനിയാട്ട വേദിയിലെ അരങ്ങേറ്റ നാളിനായി**

കല

കൃഷ്ണദാസ് കണയം

പതിനഞ്ചാം വയസ്സിൽ പാലക്കാട് വെണ്ണക്കര പുഷ്പഗിരിയിലെ ഗിരീഷ് പണിക്കർ എന്ന കൗമാരക്കാരൻ കേരള കലാമണ്ഡലത്തിൽ അച്ഛനോടൊപ്പമെത്തി. മോഹിനിയാട്ടം പഠിക്കാനായി ചേരുക എന്നതായിരുന്നു ലക്ഷ്യം. മോഹിനിയാട്ടം കോഴ്സിന് പെൺകുട്ടികളെ മാത്രമേ ചേർക്കാനാവൂ എന്നും വേണമെങ്കിൽ കഥകളിക്ക് ചേരാം എന്നും അധികൃതർ പറഞ്ഞു. മോഹിനിയാട്ടം മാത്രം ബോധമനസ്സിലും ഉപബോധമനസ്സിലും കൊണ്ടു നടക്കുന്ന ഗിരീഷ് കലാമണ്ഡഡലത്തിൽ ചേരാതെ തിരിച്ചുപോയി. 39 വർഷം പുരുഷനായി ജീവിച്ച ഗിരീഷ് ഇക്കാലമത്രയും മനസ്സിൽ കൊണ്ടുനടന്നത് വേദിയിൽ മോഹിനിയാട്ടം അവതരിപ്പിക്കുന്ന ദിനത്തെ മാത്രമായിരുന്നു. ആ നിശ്ചയദാർഢ്യം ആഗസ്റ്റ് പന്ത്രണ്ടിന് ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ പൂവണിഞ്ഞു. മാനസികവും ശാരീരികവുമായുള്ള വേദനകളും പിരിമുറുക്കങ്ങളും ഒക്കെ തരണം ചെയ്ത പണ്ടത്തെ ഗിരീഷ് പണിക്കർ ഇന്ന് മാലിക പണിക്കരാണ്.

നല്ല ഉയരമുള്ള, താടിയും മീശയും ഒക്കെയുള്ള പുരുഷനായിരുന്നുഎങ്കിലും മനസ്സിൽ വേദികളിൽ ലാസ്യനടനമാടുന്ന മോഹിനി രൂപം മാത്രം. കലാമണ്ഡലത്തിൽ പ്രവേശനം ലഭിച്ചില്ലെങ്കിലും നൃത്തം ചെയ്യാനുള്ള മോഹം കൈവിട്ടില്ല. പത്താം ക്ലാസ് പഠനത്തിനു ശേഷം ചെന്നൈയിലെ പ്രശസ്തമായ കലാക്ഷേത്രത്തിൽ ഭരതനാട്യം പഠിക്കാൻ ചേർന്നു.1986-87 അധ്യയന വർഷത്തിൽ ചേർന്ന 'ഗിരീഷ് പണിക്കർ' 1992-93 ൽ ബിരുദധാരിയായി പുറത്തിറങ്ങി. ചിന്ന ശാരദ, ജയലക്ഷ്മി, ബാലഗോപാലൻ, ജനാർദനൻ, പുഷ്പ എന്നിങ്ങനെയുള്ള പ്രശസ്തരായിരുന്നു ഗുരുക്കന്മാർ. കലാക്ഷേത്രയിലെ കോളജ് ഓഫ് ഫൈൻ ആർട്സിലെ അവസാന ബാച്ചിലെ വിദ്യാർഥിയുമായി ഗിരീഷ്.

ശേഷം ചെന്നൈ ചെട്ടിനാട് വിദ്യാശ്രമം സ്കൂളിൽ ആദ്യം അധ്യാപകനായി.1996ൽ സിംഗപ്പൂർ ഇന്ത്യൻ ഫൈൻ ആർട്സ് സൊസൈറ്റിയിൽ (സിഫാസ് ) അധ്യാപകനായി ചേർന്നു. തുടർച്ചയായി 14 വർഷം ഇവിടെ അധ്യാപകനായി തുടർന്നു. നൃത്തം പരിശീലിപ്പിക്കുന്നതിലും ശിഷ്യരുമായുള്ള ബന്ധത്തിലുള്ള തൻെറ കഴിവും അർപ്പണബോധവുമാണ് അവിടെ പ്രകടമായതെന്ന് ഗിരീഷ് ഉറച്ച് വിശ്വസിച്ചു. ഗിരീഷ് ഇവിടത്തെ ജോലിയിൽനിന്ന് വിടുതൽ നേടിയപ്പോൾ പഠിപ്പിച്ചിരുന്ന 120 വിദ്യാർഥികളിൽ 101 പേരും ഗിരീഷിനൊപ്പം ചേർന്നു.

1995 ൽ ഭരതനാട്യ രംഗത്തെ കുലപതി വൈജയന്തിമാല ബാലിയെ പരിചയപ്പെട്ടത് ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായി. പരിചയപ്പെട്ടത് മുതലുള്ള ബന്ധം ഇപ്പോഴും തുടരുന്നു. ടാഗോറിൻെറ ചണ്ഡാളിക ഡൽഹിയിൽ നൃത്തനാടകമായി അരങ്ങേറിയപ്പോൾ ചണ്ഡാളികയായി വൈജയന്തിമാലയും മുഴുനീള മെയിൽ ഡാൻസറായി ഗിരീഷുമായിരുന്നു വേദിയിൽ. ചെന്നൈയിലെ വൈജയന്തിയുടെ വീട്ടിൽ വി.ഐ.പി.കൾക്കായി ഒരുക്കാറുള്ള നൃത്ത സദസ്സിലെ സ്ഥിരം സാന്നിധ്യവുമായി. സംഘത്തമിഴ് ആണ്ടാൾ നൃത്തത്തിൽ വൈജയന്തി ആണ്ടാളും ഗിരീഷ് പുരുഷ വേഷത്തിലെ പെരുമാളുമായി ഏറെ അരങ്ങുകൾ വാണു.



മാലിക പണിക്കരെ കലാമണ്ഡലം കവിത കൃഷ്ണകുമാർ മോഹിനിയാട്ടം പരിശീലിപ്പിക്കുന്നു

ഇതിനിടെ സിംഗപ്പൂരിലെ നിരവധി വേദികൾ ഗിരീഷിനെ തിരിച്ചറിയാനിടയാക്കി തുടങ്ങി. സ്ത്രീ വേഷത്തിൽ ഭരതനാട്യം ചെയ്യുന്ന പുരുഷ നർത്തകനെ അവർ ശ്രദ്ധിച്ചു തുടങ്ങി. ടി.വി ചാനലുകളിലെ റിയാലിറ്റി ഷോകളിൽ വിധികർത്താവായി എത്തിത്തുടങ്ങിയതോടെ ചിത്രമാകെ മാറി. ഗിരീഷ് ഇപ്പോഴേക്കും ഏതാണ്ട് മുഴുവനായും സ്ത്രീകളുടെ വസ്ത്രധാരണ രീതിയിലേക്ക് മാറിയിരുന്നു. സ്ത്രീകളായ പ്രേക്ഷകർക്കിടയിൽ ഗിരീഷിൻെറ സാരിയെക്കുറിച്ചും ഉടുക്കുന്ന രീതിയെക്കുറിച്ചുമുള്ള ചർച്ചകൾ സജീവമായി.

രക്ഷിതാക്കൾ നൽകിയ ഗിരീഷ് പണിക്കർ എന്ന പേരിനോട് ഇപ്പോഴത്തെ മാലിക പണിക്കർക്ക് വിയോജിപ്പ് ഒന്നുമുണ്ടായിരുന്നില്ല. പക്ഷേ, മനസ്സും ശരീരവുമൊക്കെ അറിയാതെ സ്ത്രൈണ ഭാവത്തിലേക്ക് പോകുമ്പോൾ 'ഗിരീഷ്' എന്ന പേര് തടസ്സമായി എപ്പോഴും നിന്നു. 2008 ൽ സിംഗപ്പൂർ പൗരനായി. സിംഗപ്പൂരിൽ സ്ത്രീയും പുരുഷനും മാത്രമേയുള്ളൂ. ട്രാൻസ്ജെൻഡേഴ്സ് ഇല്ല. ഇത് ഏറെ മുതൽക്കൂട്ടായി. പുരുഷനിൽനിന്ന് പൂർണമായും സ്ത്രീയിലേക്ക് മാറ്റാനുള്ള ചികിത്സകൾ തുടങ്ങി. എല്ലാമാസവും മലേഷ്യയിൽ പോയി ഇതിനായുള്ള ഹോർമോൺ ചികിത്സ തുടങ്ങി. അങ്ങനെ നാല് പതിറ്റാണ്ടോളം പുരുഷനായി ജീവിച്ച ഒരാൾ തികഞ്ഞ സ്ത്രീ ആവുന്നതിലേക്കുള്ള പ്രയാണമാരംഭിച്ചു. ഏഴു വർഷം നീണ്ടുനിന്നതായിരുന്നു ഈ പരകായപ്രവേശം. ഇതിനിടയിൽ അനുഭവിച്ച മാനസികവും ശാരീരികവുമായി അനുഭവിച്ച വിഷമതകൾ പറഞ്ഞറിയിക്കുവതല്ല. സാമ്പത്തിക പ്രശ്നങ്ങൾ എപ്പോഴും പ്രതിബന്ധമായി. ഇപ്പോൾ ഗിരീഷ് പണിക്കർ എന്ന മുപ്പത്തൊമ്പതുകാരൻ ഇല്ല. മാലിക പണിക്കർ എന്ന ബാല്യക്കാരി അവശേഷിക്കുന്നു. പൂർണമായും ഒരു സ്ത്രീയായി അവർ മോഹിനിയാട്ടത്തെ വേദിയിലെത്തിച്ചു.



കുഞ്ചൻ നമ്പ്യാരുടെ സ്യമന്തകം തുള്ളൽ കഥയിലെ ഗണപതി വന്ദനത്തോടെയാണ് മാലിക പണിക്കർ തൻെറ ജന്മസാഫല്യത്തിലേക്ക് നടന ചാരുതയുടെ ലാസ്യത പകർന്നാടിയത്. പുരന്ദരദാസൻെറ 'തൂലിത രംഗന' യും അനായസമാക്കി. സരസ്വതി, മഹാലക്ഷ്മി, പാർവതി ത്രയങ്ങളായി ഊത്തക്കാട് വെങ്കിട സുബ്ബയ്യയുടെയും പാപനാശം ശിവൻെറയും പുരന്ദരദാസൻെറയും കൃതികൾ വേദിയിൽ അവതരിപ്പിച്ചപ്പോൾ സദസ്യർക്ക് നവ്യാനുഭൂതിയായി. മോഡലിങ് രംഗത്തും സജീവമാണ്. യൂറോപ്പിലും യു.എസ്, കാനഡ, ആസ്ട്രേലിയ, മലേഷ്യ, തായ്‌ലൻഡ് എന്നിങ്ങനെ ഒട്ടേറെ രാജ്യങ്ങളിലും നൃത്തം അവതരിപ്പിച്ചു. ●

# തായ്‌വാനിലെ ശാന്തമനുഷ്യർ

**ലോകത്തിലെ ഏറ്റവും വലിയ കമ്യൂണിസ്റ്റ് രാജ്യത്തിൽ നിന്ന് കുടിയേറിയവരുടെ പിൻഗാമികളാണ് തായ്‌വാനികൾ. എന്നാൽ, കമ്യൂണിസ്റ്റ് ആശയങ്ങൾ അവരുടെ ജീവിതത്തിലോ രാഷ്ട്രീയത്തിലോ പേരിനുപോലും കാണാൻ സാധിക്കില്ല**

യാത്ര

മുഹമ്മദ് മുഹ്സിൻ വരിക്കോടൻ

കിഴക്കൻ ഏഷ്യയിലെ കൊച്ചു ദ്വീപാണ് തായ്‌വാൻ. ഭൂപ്രദേശ ഭംഗികൊണ്ടും കാലാവസ്ഥയിലെ പ്രത്യേകത കൊണ്ടും പലരും 'ഫൊർമോസ' (മനോഹരം) എന്ന വിളിപ്പേര് നൽകിയ ദേശം. ആദ്യ കാലത്ത് ചൈനീസ്- ജാപ്പനീസ് വംശജർ കുടിയേറിപ്പാർത്തതാണെങ്കിലും കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾക്കൊന്നും വളക്കൂറില്ലാത്തൊരു മണ്ണാണിവിടം. മാൻഡറിൻ ചൈനീസും ഹക്കാ ഭാഷയും സംസാരിക്കുന്ന ജനാധിപത്യ 'രാജ്യ'മെന്ന് സ്വയം വിശേഷിപ്പിക്കുന്നൊരു ദ്വീപാണെങ്കിലും, ചൈനയുടെ എതിർപ്പിനെത്തുടർന്ന് ഐക്യരാഷ്ട്രസഭപോലും രാജ്യപദവി നൽകിയിട്ടുമില്ല.

## ജീവിത രീതികൾ

ഭൂപ്രദേശത്തിൻെറയും ഭാഷയുടേയും വ്യത്യസ്തതയേക്കാൾ ജനങ്ങളുടെ സ്വഭാവ സവിശേഷതയും ജീവിത രീതിയുമാണ് ഏവരെയും കൂടുതൽ ആകർഷിക്കുന്നത്. വളരെ ക്ഷമാശീലരും മിതഭാഷികളുമായ ഒരു കൂട്ടം മനുഷ്യരുടെ സ്ഥലമാണിവിടം. അരിഭക്ഷണം കഴിക്കുമെങ്കിലും കൂടുതൽ എരിവും മസാലകളുമില്ലാത്ത നൂഡിൽസും ചൈനീസ് വിഭവങ്ങളുമാണ് ഇവരുടെ ഇഷ്ടഭക്ഷണം. ഇന്ത്യക്കാരെപോലെ സുഗന്ധവ്യഞ്ജനങ്ങളൊന്നും പുഴുങ്ങിയ രൂപത്തിലുള്ള ഭക്ഷണങ്ങളിലോ മത്സ്യ-മാംസാദികളിലോ അധികം ഉപയോഗിക്കാറുമില്ല.

ചൈനക്കാരുടെ പിൻഗാമികളാണെങ്കിലും പാശ്ചാത്യരുടെ വസ്ത്ര- ഭക്ഷണ സംസ്കാര രീതികളെയാണ് ഫൊർമോസയിലെ പുതുതലമുറ കൂടുതൽ പുൽകുന്നത്. വീടുകളിലാണെങ്കിൽ ഭക്ഷണം പാകംചെയ്യൽ വളരെ കുറവാണ്. വൈകീട്ട് ആറ് മണിക്ക് മുമ്പു തന്നെ രാത്രി ഭക്ഷണം കഴിക്കുന്നവരാണിവർ. അധികം മറ്റുള്ളവരുമായി ഇടപഴകുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല അവരാരും. എന്നാലും വിവര സാങ്കേതികവിദ്യ ജീവിതത്തിൽ വിദഗ്ധമായി അവർ ഉപയോഗിക്കുന്നു. ബസ്-ട്രെയിൻ സമയക്രമീകരണങ്ങൾ മുതൽ ഏത് കടയിൽ നിന്നും തങ്ങൾ ഭക്ഷണം കഴിക്കണമെന്നുപോലും തീരുമാനിക്കുന്നത് ഇവയുടെയെല്ലാം സഹായത്തോടെയാണ്. അതുകൊണ്ടുതന്നെ സഹവാസികളുമായി കൂടുതൽ സംസാരിക്കാനും അടുത്തിടപഴകാനുമുള്ള സാഹചര്യങ്ങൾ കുറയുന്നു. ശാന്തമഹാ സമുദ്രത്താൽ ചുറ്റപ്പെട്ടൊരു ദ്വീപാണെങ്കിലും ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. അതിനു പരിഹാരമെന്നോണം നമ്മുടെ നാട്ടിലെ പെട്രോൾ ബങ്കുകൾക്ക് സമാനമായ കുടിവെള്ള പമ്പുകൾ സുലഭമായി കാണാം. ആവശ്യക്കാർക്ക് മെഷീനിൽ പണം നിക്ഷേപിച്ച് ആവിശ്യത്തിന് വെള്ളം സ്വീകരിക്കാൻ കഴിയും!

## മര്യാദയുടെ നിരത്തുകൾ

പൊതുഗതാഗതങ്ങളിലും ബസുകളിലും കയറാൻ വരി പാലിക്കുകയും വാഹനത്തിൽ സ്ഥലമില്ലെങ്കിൽ വീണ്ടും മണിക്കൂറുകളോളം അത് തുടരുകയും ചെയ്യുന്നവരാണ് ദ്വീപുകാർ. ബസുകളിലാണെങ്കിൽ വേറെയും കൗതുകങ്ങളുണ്ട്. ആളുകൾ കയറുമ്പോൾ 'നി ഹൌമ' (ഹലോ, സുഖമല്ലേ) എന്ന് ഡ്രൈവർ സ്നേഹത്തോടെ ഓരോ യാത്രികരെയും പ്രത്യേകം അഭിവാദ്യം ചെയ്യുകയു യാത്ര അവസാനിച്ച് തിരിച്ചിറങ്ങുമ്പോൾ നന്ദിയും പറയുന്നു. ഹോണുകളുടെ ഉപയോഗം വളരെ കുറവാണിവിടെ. തലസ്ഥാന നഗരിയായ തായ്പേയിലും, കുന്നും മലയും ചുരവുമുള്ള കീലുങ്ങിലും, ചോങ്ഗ്ലിയിലെ ഗ്രാമപ്രദേശത്തുമെല്ലാം ഇവയുടെ ശബ്ദം കേൾക്കുന്നത് വളരെ വിരളമാണ്. മണിക്കൂറുകളോളം ഗതാഗത തടസ്സമുണ്ടായാൽപോലും ഇവ ഉപയോഗിക്കുന്നില്ല. ഇനി വാഹനങ്ങൾ തമ്മിൽ ഉരസുകയോ ചെറിയ രീതിയിൽ അപകടമുണ്ടാവുകയോ ചെയ്താൽ, ഡ്രൈവർമാർ തർക്കത്തിലേർപ്പെടുകയോ നടുറോഡിൽ പ്രശ്നമുണ്ടാക്കുകയോ ചെയ്യാതെ മാന്യമായി നിയമപാലകരെ കാത്തിരിക്കുന്നു.

## വൃത്തിയും വിദ്യാഭ്യാസവും

വളരെ വൃത്തിയും അച്ചടക്കവുമുള്ളൊരു ജീവിതത്തിനുടമകളാണിവർ. സ്കൂൾ തലങ്ങളിൽ തൊട്ടുതന്നെ വൃത്തിയുടെയും മാലിന്യ സംസ്കരണത്തിൻെറയും ആവശ്യകതകളെല്ലാം ഇവർ വ്യക്തമായി ഗ്രഹിക്കുന്നതോടൊപ്പം പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തുന്നു. കോളജുകളിൽപോലും ഇവയെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. കാമ്പസുകളും തൊട്ടടുത്തുള്ള പൊതുനിരത്തുകളുമെല്ലാം ഓരോ ദിവസവും വൃത്തിയാക്കുന്നത് വിദ്യാർഥികളാണ്. ഇവിടെ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രിയപ്പെട്ടതാണ് വളർത്തുനായ്ക്കൾ. അവയെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ സ്നേഹിക്കുകയും താലോലിക്കുകയും ചെയ്യുന്നു. ഓരോ ദിവസവും അവയുമായി കോളജിലും പൊതു ഇടങ്ങളിലും ആളുകളെ കാണാൻ കഴിയുന്നു. എങ്കിലും അവയുടെ വിസർജ്യ വസ്തുക്കൾ പൊതു നിരത്തുകളിലോ ആളൊഴിഞ്ഞ പ്രദേശങ്ങളിലോ കാണില്ല. ഓരോരുത്തരും അവരുടെ നായ്ക്കളുടെ വിസർജ്യാവശിഷ്ടങ്ങൾ ശേഖരിക്കുകയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നയിടങ്ങളിൽ കൊണ്ടിടുകയും ചെയ്യുന്നു. ചില സ്ഥലങ്ങളിൽ അതത് നഗരസഭകൾ തന്നെ കുറഞ്ഞ മൈക്രോൺ അളവിലുള്ള പോളിത്തീൻ ബാഗുകൾ ഇതിനായി വെച്ചിരിക്കുന്നതും കാണാം.

## വിശ്വാസ പ്രമാണങ്ങൾ

ലോകത്തിലെ ഏറ്റവും വലിയ കമ്യൂണിസ്റ്റ് രാജ്യത്തിൽനിന്നും കുടിയേറിയവരുടെ പിൻഗാമികളാണ് തായ്‌വാനികൾ. എന്നാൽ, കമ്യൂണിസ്റ്റ് ആശയങ്ങൾ അവരുടെ ജീവിതത്തിലോ രാഷ്ട്രീയത്തിലോ കാണാൻ സാധിക്കില്ല. കൂടുതൽ പേരും ബുദ്ധിസത്തിലും കൺഫ്യൂഷനിസത്തിലും വിശ്വസിക്കുന്നവരാണെങ്കിലും, ചെറു സമൂഹമായി ഇസ്‌ലാമും ക്രിസ്റ്റ്യാനിറ്റിയും ഇവിടെയുണ്ട്. അതിലുപരി, ഇരുപത് ശതമാനത്തിനടുത്ത് വരുന്ന ഫൊർമോസക്കാർ പ്രത്യേകിച്ചൊരു വിശ്വാസ പ്രമാണങ്ങളും പിന്തുടരുന്നുമില്ല. തായ്‌വാനികളിൽ കാണുന്ന ചില ചൈനീസ് പാരമ്പര്യ വിശ്വാസങ്ങളായ താഓയിസം, ത്യാൻഡിസം, സൈലിസം, ശ്യാന്യാനിസമെല്ലാം ഏറെ കൗതുക മുണർത്തുന്നതാണ്. ഇവയെല്ലാം ചില വ്യക്തി കേന്ദ്രീകൃത വിശ്വാസ പ്രമാണങ്ങളാണ്. എങ്കിലും യോഗ, ആയോധനകല, പ്രകൃതിയെയും ജീവജാലങ്ങളേയും സംരക്ഷിക്കൽ, ധ്യാനം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. ഓരോ വിശ്വാസ പ്രമാണങ്ങളിലും തീവ്രത പുലർത്തുന്നവർ മറ്റുള്ളവരിൽ നിന്നും അകലം പാലിക്കുകയും, ആകർഷണങ്ങളൊന്നുമില്ലാത്ത വസ്ത്രങ്ങൾ ധരിച്ച്, മിതഭാഷികളായി ജീവിക്കുകയും ചെയ്യുന്നു.

## രാഷ്ട്രീയവും ലിംഗ സമത്വവും

ആധുനിക ജനാധിപത്യ രീതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുതൽ പ്രസിഡൻറ് വരെയുള്ളവരെ നാലു വർഷത്തേക്കാണ് തിരഞ്ഞെടുക്കുന്നത്. മത-സാമുദായിക-വർഗീയ ചിന്തകളിൽനിന്ന് വ്യത്യസ്തമായി തായ്‌വാൻ ദേശീയതയിലധിഷ്ഠിതമായി ചൈനയെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള പോരാട്ടമാണ് ഇവിടത്തെ ഓരോ തെരഞ്ഞെടുപ്പുകളും. ലിംഗ സമത്വത്തിന് പ്രാധാന്യം കൊടുക്കുന്നൊരു സമൂഹമാണ് ഫൊർമോസക്കാർ. ഇത് വസ്ത്രധാരണ രീതി മുതൽ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതു വരെയുള്ള എല്ലാ കാര്യങ്ങളിലും വ്യക്തമായി പ്രകടമാകുന്നു. ഇക്കഴിഞ്ഞ മേയ് മാസത്തിലാണ് സ്വവർഗ വിവാഹം തായ്‌വാനിൽ നിയമ വിധേയമാക്കിയത്. കോടതിയുടെ നിരന്തര ഇടപെടലിനെത്തുടർന്ന് ഒരേ ലിംഗത്തിൽ പെട്ടവർക്ക് ഒരുമിച്ച് ജീവിക്കാനുള്ള നിയമ സഹായം പാർലമെൻറ് പാസാക്കി. ഏഷ്യയിൽ തന്നെ മറ്റൊരു രാജ്യവും ഇത്രത്തോളം നിയമ നിർമാണങ്ങളുമായി മുന്നോട്ട് വന്നിട്ടില്ലത്രെ. ഓരോ വ്യക്തിയും സ്വന്തം കാര്യങ്ങളിൽ ജാഗ്രത പുലർത്തുകയും മറ്റുള്ളവർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കാതെ, അമിത സദാചാര പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ ദ്വീപിൽ സമാധാനം നിലനിർത്താൻ സഹായിക്കുന്നത് അഭിനന്ദനാർഹമാണ്. ഒരു നല്ല സമൂഹത്തിൻെറ സൃഷ്ടിപ്പിന് ഇത് നിദാനമാവും.

*(ലേഖകൻ തായ്‌വാനിലെ ചങ് യാൻ ക്രിസ്ത്യൻ യൂനിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർഥിയാണ്)*



ടെപ്പൻയാകി- ജാപ്പനീസ് രീതിയിലുള്ള തായ്‌വാൻ ഭക്ഷണം



ശാന്തമഹാ സമുദ്രത്തോട് ചേർന്ന കീലുങ് മല നിരകൾ. സൈനിക നീക്കങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ ദൃശ്യമാണ്



പരമ്പരാഗത തായ്‌വാൻ രീതിയിൽ ബുദ്ധമത വിശ്വാസികളുടെ ആരാധനാലയങ്ങളുടെ ഉൾവശം. വിവിധ പൂക്കളും പഴങ്ങളും, പച്ചക്കറികളുമെല്ലാം ബുദ്ധ പ്രതിമക്ക് മുന്നിൽ സമർപ്പിച്ചിരിക്കുന്നത് കാണാം.



ഹ്വാല്യേനിലെ ശ്യങ്ടെ ടെമ്പിളിലെ ബുദ്ധപ്രതിമ



ചിത്രം: പ്രസാദ് ബാലചന്ദ്രൻ

ഹ്വാല്യേനിലെ ടൊറോകോ നാഷനൽ പാർക്കിനുള്ളിലെ ടി-സാങ് സ്റ്റാറ്റ്യൂ



ബുദ്ധമത ആരാധന കേന്ദ്രമായ ഷ്വുലിൻ ടൗൺഷിപ്പിലെ ശ്യങ്ടെ ടെമ്പിൾ




ULTIMATE SELECTION
TO THE BUDGET
TIME TO SHOP FOR
WHOLE FAMILY
mehar HIJAB
THE MOST TRUSTED ABAYA BRAND
Ruby Mehar Apparel. Palakkad
8640999955, 9847037778
Opp. Intl. Stadium, COCHIN-0484 2533555, 8642999955
Clt. Road, PERINTHALMANNA-0493 3223377, 8646999955
Beach Road,CALICUT-0495 4060506, 8641999955
SHOP NOW ▸ www.meharhijab.com
THE MOST TRUSTED BRAND IN ABAYA